ऋग्वेदसूक्तानि

ഋഗ്വേദ സൂക്തങ്ങൾ



സമ്പാദനം: വിവർത്തനം
ഡോ. എൻ. സുന്ദരം

ऋग्वेदसूक्तानि

ഋഗ്വേദസൂക്തങ്ങൾ

ऋग्वेदसूक्तानि

ഋഗ്വേദസൂക്തങ്ങൾ

(മൂലം -സംസ്കൃതത്തിലും മലയാളത്തിലും
മലയാളപരിഭാഷാ സഹിതം)

സമ്പാദനം: പരിഭാഷ

ഡോ. എൻ. സുന്ദരം

പ്രകാശനവിഭാഗം : കേരളസർവകലാശാല
തിരുവനന്തപുരം
2003

(SANSKRIT)
R̄GVEDA SŪKTANGAL

Text and Translation

Dr. N. Sundaram
Publication Officer (Spl. Gr.)
Department. of Publications
University of Kerala

Typesetting:
Navaneet Computers
Thiruvananthapuram-41

Printing:
Kerala University Press

Published: 2003

Cover Design:
Godfrey Das

Published by:
Dr.A.Razaludeen
Director
Department of Publications
For the University of Kerala
Thiruvananthapuram-34

Price : Rs. 55.00

KUDP 77/GB-SI-EDI-6-1

ISBN 81-86397-60-4

ഉള്ളടക്കം

ഋഗ്വേദസൂക്തങ്ങൾ

പത്തുമണ്ഡലങ്ങളിലായി 1017 സൂക്തങ്ങളും 10472 ഋക്കുകളും അടങ്ങിയ ഋഗ്വേദം ഭാരതീയരുടെ ഒരമൂല്യസമ്പത്താണ്. ആദ്യം ഒന്നായിരുന്ന വേദത്തെ അദ്ധ്യയന സൗകര്യത്തിനായി മഹർഷി ബാദരായണൻ ഋക്ക്,യജ്ജുസ്സ്, സാമം, അഥർവം എന്നിങ്ങനെ നാലായി വ്യസിച്ചു (തിരിച്ചു). തന്മൂലം വേദവ്യാസനെന്ന് അറിയപ്പെടുകയും ചെയ്തു.

അനേകമനേകം പ്രാപഞ്ചിക രഹസ്യങ്ങൾ ഉൾക്കൊള്ളുന്നവയാണ് ഈ വേദഭാഗങ്ങൾ. ആധുനിക വിജ്ഞാനം പരീക്ഷണങ്ങളിലൂടെ തെളിയിക്കുന്ന ഓരോ കാര്യവും ദേവസ്തുതി പരങ്ങളായ ഈ ഋക്കുകളുടെ ഉള്ളിൽ അന്തർഭവിച്ചിരിക്കുന്നതുകാണുമ്പോൾ അതിശയിതമായ വിസ്മയമാണ് ഉളവാകുന്നത്. ഈ വൈദികസൂക്തങ്ങളുടെ മറ്റൊരു സവിശേഷത അവയ്ക്കിന്നുവരെ പാഠഭേദം ഉണ്ടായിട്ടില്ല എന്നതു തന്നെ.

വേദങ്ങൾ ഈശ്വരപ്രോക്തങ്ങളാണെന്നും, അല്ല, ഈശ്വരാനുഗ്രഹം സിദ്ധിച്ച മഹർഷിമാർ തപഃഫലമായി സിദ്ധിച്ച ജ്ഞാനശക്തി കൊണ്ട് ഇതിലെ ഋക്കുകളെ ദർശിച്ച് ശിഷ്യൻമാർക്ക് ഉപദേശിച്ചുകൊടുത്തവയാണെന്നും രണ്ടഭിപ്രായം ദാർശനികൻമാരുടെയിടയിൽ നിലനിന്നുപോരുന്നു. ജൈമിനിമഹർഷിയുടെ ഉപജ്ഞാതൃത്വത്തിൽ രൂപംകൊണ്ട പൂർവമീമാംസകയുടെ അനുയായികൾ വേദവാക്യങ്ങളെ പരമപ്രമാണമായി അംഗീകരിക്കുന്നു. അതേ സമയം, ഗൌതമമഹർഷി രൂപം നൽകിയ ന്യായദർശനത്തെ അവലംബിക്കുന്നവർ, ഈശ്വരപ്രോക്തങ്ങളായതു കൊണ്ടല്ല മറിച്ച് ആപ്തവചനങ്ങളായവ എന്ന നിലയ്ക്ക് വേദങ്ങളുടെ പ്രാമാണ്യം അംഗീകരിക്കുന്നു.

ഋഗ്വേദസൂക്തങ്ങളുടെ നിർമിതികാലത്തെക്കുറിച്ച് പണ്ഡിതന്മാർ ഭിന്നമതക്കാരാണ്. ക്രിസ്തുവിനുമുമ്പ് 1500-ാം വർഷമെന്ന കണക്കാണ് പൊതുവെ അംഗീകരിച്ചുപോരുന്നത്. ബാലഗംഗാധരതിലകർ മുതലായ പണ്ഡിതൻമാർ, നക്ഷത്രശാസ്ത്രത്തെ അവലംബിച്ചു

കൊണ്ടുള്ള ഗണനപ്രകാരം പിന്നെയും ഒരു രണ്ടായിരം വർഷം പഴക്കം വരും ഈ വേദങ്ങൾക്ക് എന്ന നിഗമനത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്.

"ഋഗ്വേദ സൂക്തങ്ങൾ'' എന്ന പ്രസ്തുത ഗ്രന്ഥത്തിൽ അഗ്നി, സവിതാവ്, ദ്യാവാപൃഥിവി, ഇന്ദ്രൻ, വരുണൻ, പുരുഷൻ, സൃഷ്ടി, കിതവൻ, ശ്രീവിഷ്ണു എന്നീ സൂക്തങ്ങളാണ് ഉൾപ്പെടുന്നത്. മൂലം സംസ്കൃതത്തിലും മലയാള ലിപിയിലും ചേർക്കപ്പെട്ടിരിക്കുന്നു. പദച്ഛേദവും പദാനുപദാർത്ഥവും ചേർന്ന ഈ ഗ്രന്ഥം വിദ്യാർത്ഥി സമൂഹത്തിന് വളരെയധികം ഉപയോഗ പ്രദമാകുന്നു. നേരത്തെ സൂചിപ്പിച്ചപോലെ, ചില സൂക്തങ്ങൾ വെളിവാക്കുന്ന വൈജ്ഞാനിക രഹസ്യങ്ങളും ഗ്രന്ഥകാരൻ സൂചിപ്പിക്കാൻ മറക്കുന്നില്ല.

"വേദശാസ്ത്രാത്പരംനാസ്തി"എന്നാണ് വ്യാസവാക്യം. വേദരഹസ്യം മനസ്സിലാക്കാതെ മറ്റ് പുരാണേതിഹാസങ്ങളോ ദർശനഗ്രന്ഥങ്ങളോ അഭ്യസിച്ചിട്ട് കാര്യമില്ല. പുരാണേതിഹാസാദികളിൽ കഥാരൂപേണ പ്രത്യക്ഷപ്പെടുന്ന പലതിന്റേയും ഉൾപ്പൊരുൾ വേദങ്ങളിൽ നിന്നാണ് വെളിവാകുന്നത്. ആ നിലയ്ക്കും, ഇന്ദ്രൻ, വരുണൻ തുടങ്ങിയ ദേവന്മാരുടെയെല്ലാം മാഹാത്മ്യം വെളിപ്പെടുത്തുന്നവയുമായ "ഋഗ്വേദസൂക്തങ്ങൾ" എന്ന ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്, പ്രതിവത്സരം ഈ സൂക്തങ്ങൾ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കപ്പെടുന്നതാകയാൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അതുപോലെ വേദാർത്ഥം അറിയാൻ വെമ്പുന്ന വിജ്ഞാനകുതുകികൾക്കും വളരെ ഉപകാരമായിരിക്കും എന്നതിൽ സംശയമില്ല. ഓരോ ഋക്കിനും ഡോ.എൻ.സുന്ദരം നൽകിയിട്ടുള്ള സരളമായ മലയാള വിവർത്തനം അത്യന്തം ഹൃദയാവർജ്ജകവും ഓജസ്സുറ്റതും ആകുന്നു. ഋഗ്വേദ സൂക്തങ്ങൾക്ക് ഇതു പോലെ മൂലപദച്ഛേദാദികളോടുകൂടിയ ഒരു മലയാള തർജ്ജമ ഇന്നുവരെ അസുലഭമാണ് എന്നുകൂടി ഈ വേളയിൽ പറഞ്ഞുകൊള്ളട്ടെ.

അഭിനവമായ ഈ പ്രസാധനത്തിന് ശാശ്വതികിയായ പ്രതിഷ്ഠയും പ്രചുരമായ പ്രചാരവും ലഭിക്കുമാറാകട്ടെ.

എം. ഹരിഹരശാസ്ത്രികൾ

अग्नि सूक्तम्

അഗ്നിസൂക്തം

अग्निमीले पुरोहितं
यज्ञस्य देवमृत्विजम् ।
होतारं रत्नधातमम् ।। १ ।।

അഗ്നിമീളേ പുരോഹിതം
യജ്ഞസ്യ ദേവമൃത്വിജം
ഹോതാരം രത്നധാതമം

(പദച്ഛേദഃ) അഗ്നിം ഈളേ പുരോഹിതം യജ്ഞസ്യ ദേവം ഋത്വിജം ഹോതാരം, രത്നധാതമം

(അർത്ഥഃ) പുരോഹിതം = പുരോഹിതനും, യജ്ഞസ്യ = യജ്ഞത്തിന്റെ, ദേവം ഋത്വിജം= ദൈവികമായ നടത്തിപ്പുകാരനും, ഹോതാരം= ഹോതാവും(ഹോമിക്കുന്നവനും) രത്നധാതമം= രത്നങ്ങളെ വർഷിക്കുന്നവനുമായ, അഗ്നിം = അഗ്നിദേവനെ, ഈളേ= ഞാൻ സ്തുതിക്കുന്നു.

(ലൌകികയജ്ഞത്തിൽ ഹോതാവ്, ഋത്വിക്ക്, പുരോഹിതൻ എന്നിവർ വേറെ വേറെയാണെങ്കിലും ആ പരമമായ യജ്ഞത്തിൽ അഗ്നി തന്നെ എല്ലാമായി ഭവിക്കുന്നു).

अग्निः पूर्वेभिर्ऋषिभिर्
ईड्यो नूतनैरुत ।
स देवाँ एह वक्षति ।।२ ।।

അഗ്നിഃ പൂർവേഭിർ ഋഷിഭിർ
ഈഢ്യോ നൂതനൈരുത
സ ദേവാങ് ഏഹ വക്ഷതി.

(പദച്ഛേദഃ) അഗ്നിഃ പൂർവേഭിഃ ഋഷിഭിഃ ഈഢ്യഃ നൂതനൈഃ ഉത സഃ ദേവാൻ ആ ഇഹ വക്ഷതി

(അർത്ഥഃ) പൂർവേഭിഃ = പൂർവികൻമാരും, ഉത= കൂടാതെ, നൂതനൈഃ= ആധുനികൻമാരുമായ, ഋഷിഭിഃ= മഹർഷിമാരാൽ, ഈഢ്യഃ= സ്തുത്യനായ, സ അഗ്നിഃ=, ആ അഗ്നിദേവൻ, ദേവാൻ= ദേവൻമാരെ, ഇഹ= യജ്ഞത്തിങ്കൽ, ആവക്ഷതി= ആനയിക്കുന്നു.

अग्निना रयिमश्नवत्
पोषमेव दिवे दिवे ।
यशसं वीरवत्तमम् ।।३ ।।

അഗ്നിനാ രയിമശ്നവത്
പോഷമേവ ദിവേദിവേ
യശസം വിരവത്തമം

(പദച്ഛേദഃ) അഗ്നിനാ രയിം അശ്നവത് പോഷം ഏവ ദിവേ ദിവേ യശസം വീരവത്തമം.

അർത്ഥഃ അഗ്നിനാ= അഗ്നിദേവനാൽ, ദിവേദിവേ=പ്രതിദിനം, രയിം = ധനവും, പോഷം = ഐശ്വര്യവും (പുഷ്ടിയും), വിരവത്തമം = വീരന്മാരായ സന്തതികൾ മുഖേനയുള്ള,

യശസം = കീർത്തിയും, അശ്നവത്=ഞങ്ങൾ നേടുമാറാകണം.

अग्ने यं यज्ञमध्वरं
विश्वतः परिभूरसि।
स इद्देवेषु गच्छति।।४।।

അഗ്നേ യം യജ്ഞമധ്വരം
വിശ്വതഃ പരിഭൂരസി
സ ഇദ് ദേവേഷു ഗച്ഛതി.

(പദച്ഛേദഃ) അഗ്നേ യം യജ്ഞം അധ്വരം വിശ്വതഃ പരിഭൂഃ അസി സഃ ഇത് ദേവേഷു ഗച്ഛതി.

(അർത്ഥഃ) അഗ്നേ= അല്ലയോ അഗ്നിദേവ, യം = ഏതൊരു, യജ്ഞം = യജ്ഞത്തെ, അധ്വരം = യാഗത്തെ, വിശ്വതഃ = സർവതോമുഖമായി, പരിഭൂഃഅസി = നീ വ്യാപിക്കുന്നുവോ, സ ഇത് = ആ യജ്ഞം തന്നെയാണ്, ദേവേഷു = ദേവന്മാരെ, ഗച്ഛതി = പ്രാപിക്കുന്നത്.

അഗ്നിദേവന് സംതൃപ്തിയേകുന്ന യാഗം മാത്രമേ ദേവൻമാർക്കും സംതൃപ്തി നൽകുകയുള്ളൂ എന്ന് സാരം.

अग्निर्होता कविक्रतुः
सत्यश्चित्रश्रवस्तमः
देवो देवेभिरा गमत् ।।५।।

അഗ്നിർഹോതാ കവിക്രതുഃ
സത്യശ്ചിത്ര ശ്രവസ്തമഃ
ദേവോ ദേവേഭിരാ ഗമത്

(പദച്ഛേദഃ) അഗ്നിഃഹോതാ കവിക്രതുഃ സത്യഃ ചിത്രശ്രവസ്തമഃ ദേവഃ ദേവേഭിഃ ആഗമത്.

(അർത്ഥം:) ഹോതാ= ഹോതാവും, കവിക്രതുഃ= അതീവ ബുദ്ധിമാനും, സത്യഃ= സത്യസ്വരൂപനും, ചിത്രശ്രവസ്തമഃ= അതിവിശിഷ്ടമായ കീർത്തിയോടുകൂടിയവനും ആയ, ദേവഃ അഗ്നിഃ = അഗ്നിദേവൻ, ദേവേഭിഃ= മറ്റ് ദേവൻമാരോടുകൂടി, ആഗമത്ഃ (ഇവിടെ ഈയജ്ഞത്തിങ്കൽ) എത്തിച്ചേരട്ടെ

यदंग दाशुषे त्वम्
अग्ने भद्रं करिष्यसि।
तवेत्तत् सत्यमङ्गिरः ।।६।।

യദംഗ ദാശുഷേ ത്വം
അഗ്നേ ഭദ്രം കരിഷ്യസി
തവേത്തത് സത്യമംഗിരഃ

(പദച്ഛേദഃ) യത് അംഗ ദാശുഷേ ത്വം അഗ്നേ ഭദ്രം കരിഷ്യസി തവ ഇത് തത് സത്യം അംഗിരഃ

(അർത്ഥം:) അംഗ= സ്നേഹമുള്ള, അംഗിരഃ= അംഗിരസ്സായ, അഗ്നേ = അഗ്നിദേവ, ദാശുഷേ=സ്തുതിക്കുന്നവന്, ത്വം = നീ, യദ്ഭദ്രം= ഏതൊരു നന്മയെയാണോ, കരിഷ്യസി = ചെയ്യുവാൻ പോകുന്നത്, തവ = നിന്റെ, തത് ഇത് = ആ നന്മമാത്രമേ, സത്യം= സത്യമായി ഫലിക്കുകയുള്ളൂ.

അഗ്നിയുടെ അനുഗ്രഹം യഥാർത്ഥ നന്മയെചെയ്യും എന്നു സാരം.

उप त्वाग्ने दिवे दिवे
दोषावस्तर्धिया वयम्।
नमो भरन्त एमसि ।।७।।

ഉപ ത്വാഗ്നേ ദിവേ ദിവേ
ദോഷാവസ്തർധിയാ വയം
നമോ ഭരന്ത ഏമസി

(പദച്ഛേദഃ) ഉപ ത്വാ അഗ്നേ ദിവേദിവേ ദോഷാവസ്തഃ ധിയാ വയം നമഃ ഭരന്തഃ ഏമസി.

(അർത്ഥഃ) ദോഷാവസ്തഃ=എങ്ങും പ്രകാശം പരത്തുന്ന, അഗ്നേ = അല്ലയോ അഗ്നിദേവ, ദിവേദിവേ= പ്രതിദിനം, വയം = ഞങ്ങൾ, ധിയാ = ബുദ്ധിപൂർവ്വകമായി, നമോ ഭരന്തഃ = പ്രണാമങ്ങളെ വഹിക്കുന്നവരായി, (മനസ്സാലെ നിന്നെ പ്രണമിക്കുന്നവരായി)ത്വാ = നിന്നെ, ഉപഏമസി = സമീപിക്കുന്നു.

राजन्तमध्वराणां
गोपामृतस्य दीदिविम् ।
वर्धमानं स्वे दमे ।।८।।

രാജന്തമധ്വരാണാം
ഗോപാമൃതസ്യ ദീദിവി
വർദ്ധമാനം സ്വേ ദമേ

(പദച്ഛേദഃ) രാജന്തം, അധ്വരാണാം, ഗോപാം, ഋതസ്യ, ദീദിവിം, വർധമാനം, സ്വേ, ദമേ

(അർത്ഥഃ) അധ്വരാണാം = യാഗങ്ങളിൽ, രാജന്തം = പ്രകാശിക്കുന്നവനും, ഋതസ്യ = സത്യത്തിന്റെ, ദീദിവിം = പ്രകാശമാനനായ, ഗോപാം = രക്ഷകനും, സ്വേദമേ = സ്വന്തം ഗൃഹത്തിൽ തന്നെ (സ്വന്തം പരിധിക്കുള്ളിൽ) വർദ്ധമാനം = വളരുന്നവനുമായ,(ത്വാ ഉപഏമസി = നിന്നെ ഞങ്ങൾ സമീപിക്കുന്നു.)

स नः पितेव सूनवे
fग्ने सूपायनो भव।
सचस्वा नः स्वस्तये ।।९।।

സ നഃ പിതേവ സൂനവേ
fഗ്നേ സൂപായനോ ഭവ.
സചസ്വാ നഃ സ്വസ്തയേ.

(പദച്ഛേദഃ) സഃ, നഃ, പിതാ, ഇവ, സൂനവേ, അഗ്നേ, സൂപായനഃ ഭവ, സചസ്വ നഃ സ്വസ്തയേ.

(അർത്ഥഃ) അഗ്നേ = അല്ലയോ അഗ്നിദേവ, സ ത്വം = ആ നീയ്, സൂനവേ = പുത്രന്, പിതാഇവ = അച്ഛൻ എന്ന പോലെ, നഃ = ഞങ്ങൾക്ക്, സൂപായനഃ = എളുപ്പത്തിൽ പ്രാപ്യനായി, ഭവ = വർത്തിക്കൂ നഃ = ഞങ്ങളുടെ, സ്വസ്തയേ = നന്മക്കായി, സചസ്വ = എപ്പോഴും ഞങ്ങളുടെ കൂടെ വർത്തിക്കൂ.

सावितृसूक्तम्

സവിതൃസൂക്തം

ह्वयाम्यग्निं प्रथमं स्वस्तये
ह्वयामि मित्रावरुणाविहावसे ।
ह्वयामि रात्रीं जगतो निवेशनीं
ह्वयामि देवं सवितारमूतये ।।१।।

ഹ്വയാമ്യഗ്നിം പ്രഥമം സ്വസ്തയേ
ഹ്വയാമി മിത്രാവരുണാവിഹാവസേ
ഹ്വയാമി രാത്രീം ജഗതോ നിവേശനീം
ഹ്വയാമി ദേവം സവിതാരമൂതയേ

(പദച്ഛേദഃ) ഹ്വയാമി അഗ്നിം പ്രഥമം സ്വസ്തയേ ഹ്വയാമി മിത്രാവരുണൌ ഇഹ അവസേ ഹ്വയാമി രാത്രീം ജഗതഃ നിവേശനീം ഹ്വയാമി ദേവം സവിതാരം ഊതയേ

(അർത്ഥഃ) പ്രഥമം = ആദ്യമായി, അഗ്നിം = അഗ്നിദേവനെ, സ്വസ്തയേ = ക്ഷേമത്തിനായിക്കൊണ്ട്, ഹ്വയാമി=ഞാൻ വിളിക്കുന്നു, മിത്രാവരുണൌ = മിത്രാവരുണൻമാരെ, ഇഹ =ഇവിടെ. അവസേ = രക്ഷണത്തിനായി, ഹ്വയാമി = ഞാൻ വിളിക്കുന്നു, ജഗതഃ = ലോകത്തിന്റെ, നിവേശനീം = വിശ്രമകാരണമായ (ലോകരെ വിശ്രമത്തിലേക്ക് നയിക്കുന്ന) രാത്രീം = രാത്രി ദേവിയെ, ഹ്വയാമി = ഞാൻ വിളിക്കുന്നു, ദേവം സവിതാരം = സവിതൃദേവനെ,

ഊതയേ = രക്ഷയ്ക്കായി, ഹ്വയാമി = ഞാൻ വിളിക്കുന്നു.

आ कृष्णेन रजसा वर्तमानो
निवेशयन्नमृतं मर्त्यं च
हिरण्ययेन सविता रथेना-
देवो याति भुवनानि पश्यन् ।।२।।

ആ കൃഷ്ണേന രജസാ വർത്തമാനോ
നിവേശയന്നമൃതം മർത്ത്യം ച
ഹിരണ്യയേന സവിതാ രഥേനാ-
ദേവോ യാതി ഭുവനാനി പശ്യൻ

(പദച്ഛേദഃ) ആ കൃഷ്ണേന രജസാ വർത്തമാനഃ, നിവേശയൻ, അമൃതം മർത്ത്യം ച ഹിരണ്യയേന സവിതാ രഥേന ആ ദേവഃ
യാതി ഭുവനാനി പശ്യൻ.

(അർത്ഥഃ) സവിതാ= സവിതൃദേവൻ (സൂര്യൻ) കൃഷ്ണേന = ഇരുട്ടായ, രജസാ = അന്തരിക്ഷത്തിലൂടെ, ആവർത്തമാനഃ = വീണ്ടും വീണ്ടും സഞ്ചരിക്കുന്നവനായി, അമൃതം = ദേവൻമാരെയും (മരണമില്ലാത്തപ്രാണനേയും) മർത്ത്യം ച = മനുഷ്യരെയും (മരണമുള്ള ശരീരത്തെയും) നിവേശയൻ = (അക്കാലങ്ങളിൽ) വിശ്രമത്തിലാഴ്ത്തുന്നവനായി അഥവാ സ്വസ്വസ്ഥാനങ്ങളിൽ നിയമിക്കുന്നവനായി, ഹിരണ്യയേന = സ്വർണ്ണമയമായ, രഥേന=തേരിൽ കയറി, ഭുവനാനി = എല്ലാ ലോകങ്ങളേയും പശ്യൻ = നോക്കിക്കണ്ടും കൊണ്ട്, ആയാതി = വരുന്നു.

यातित देवः प्रवता यात्युद्वता
याति शुभ्राभ्यां यजतो हरिभ्याम्
आ देवो याति सविता परावतो
/प विश्वा दुरिता बाधमानः ।।३।।

യാതി ദേവഃ പ്രവതാ യാത്യുദ്വതാ
യാതി ശുഭ്രാഭ്യാം യജതോ ഹരിഭ്യാം
ആ ദേവോ യാതി സവിതാ പരാവതോ
/പ വിശ്വാ ദുരിതാ ബാധമാനഃ

(പദച്ഛേദഃ) യാതി ദേവഃ പ്രവതാ യാതി ഉദ്വതാ യാതി ശുഭ്രാഭ്യാം യജതഃ
ഹരിഭ്യാം ആ ദേവഃ യാതി സവിതാ പരാ-
വതഃ അപ വിശ്വാ ദുരിതാ ബാധമാനഃ

(അർത്ഥഃ) ദേവഃ= സവിതൃ ദേവൻ, പ്രവതാ= താണമാർഗ്ഗത്തിലൂടെ, യാതി = പോകുന്നു, ഉദ്വതാ = ഉയർന്നമാർഗത്തിലൂടെ, യാതി = പോകുന്നു, യജതഃ = യാഗം കൊണ്ട് സേവിക്കപ്പെടേണ്ടആ ദേവൻ, ശുഭ്രാഭ്യാം = തിളങ്ങുന്ന, ഹരിഭ്യാം = രണ്ടു കുതിരകൾ വലിക്കുന്ന തേരിലൂടെ, യാതി - യജ്ഞ ഭൂമിയിലേക്ക് ചെല്ലുന്നു. സവിതാ= സവിതൃദേവൻ, വിശ്വാ = സകല, ദുരിതാ = ദുഃഖങ്ങളേയും, അപബാധമാനഃ = ഇല്ലാതാക്കുന്നവനായി, പരാവതഃ = ദൂരെനിന്നും, ആയാതി = വന്നുചേരുന്നു.

अभीवृतं कृशनैर्विश्वरूपं
हिरण्यशम्यं यजतो बृहन्तम्।
आस्थाद्रथं सविता चित्रभानुः
कृष्णा रजांसि तविषीं दधानः ।।४।।

അഭീവൃതം കൃശനൈർ വിശ്വരൂപം
ഹിരണ്യശമ്യം യജതോ ബൃഹന്തം
ആസ്ഥാദ്രഥം സവിതാ ചിത്രഭാനുഃ
കൃഷ്ണാ രജാംസി തവിഷീം ദധാനഃ

(പദച്ഛേദഃ) അഭീവൃതം കൃശനൈഃ വിശ്വരൂപം ഹിരണ്യശമ്യം യജതഃ ബൃഹന്തം

ആ അസ്ഥാത് രഥം സവിതാ ചിത്രഭാനുഃ കൃഷ്ണാ രജാംസി തവിഷീം ദധാനഃ

അർത്ഥഃ യജതഃ = യാഗത്താൽ സേവിക്കപ്പെടേണ്ടുന്നവനും, ചിത്രഭാനുഃ = വിവിധങ്ങളായ രശ്മികളുള്ളവനും, കൃഷ്ണാ = ഇരുട്ടുനിറഞ്ഞ, രജാംസി=ലോകങ്ങളുടെ നേർക്ക്, തവിഷീം = പ്രകാശമാകുന്ന തന്റെ ബലത്തെ, ദധാനഃ = വഹിക്കുന്നവനുമായ (ഇരുളകറ്റുന്നവനായ) സവിതാ = സൂര്യൻ അഭീവൃതം = ചുറ്റും നിറഞ്ഞ, കൃശനൈഃ = കനകങ്ങളാൽ (മുത്തുകളാൽ) വിശ്വരൂപം = അനേക രൂപം കൈക്കൊണ്ട, ഹിരണ്യശമ്യം = സുവർണ്ണമയമായ ആണികളുള്ള, ബൃഹന്തം = പ്രൌഢമായ, രഥം = തേരിൽ, ആസ്ഥാത് = ആരൂഢനായി, (കയറി).

<u>**കനകമയമായ സൂര്യരഥം**</u>

ചില സ്ഥലങ്ങളിൽ സ്വർണ്ണ നിർമ്മിതമായ ഗജപങ്ക്തി, ചിലേടത്ത് അശ്വപങ്ക്തി ചില സ്ഥലത്ത് മനുഷ്യ പങ്ക്തിഎന്നിങ്ങനെ.

विजनाञ्छ्यावा शितिपादो अख्यन्
रथं हिरण्य प्रउगं वहन्तः ।
शश्वद्विशः सवितुर्दैव्यस्यो-
पस्थे विश्वा भुवनानि तस्थुः ।।५।।

വി ജനാഞ്ഛ്യാവാ ശിതിപാദോ അഖ്യൻ
രഥം ഹിരണ്യ പ്രഉഗം വഹന്തഃ
ശശ്വദ്വിശഃസവിതുർ ദൈവ്യസ്യോ-
പസ്ഥേ വിശ്വാ ഭുവനാനി തസ്ഥുഃ

(പദച്ഛേദഃ) വി ജനാൻ ശ്യാവാഃ ശിതിപാദഃ അഖ്യൻ രഥം ഹിരണ്യ പ്രഉഗം വഹന്തഃ ശശ്വത് ദിശഃസവിതുഃദൈവ്യസ്യ ഉപ സ്ഥേ വിശ്വാ ഭുവനാനി തസ്ഥുഃ

(അർത്ഥഃ) ശിതിപാദഃ = വെളുത്ത കാലുകളുള്ള, ശ്യാവാഃ = ശ്യാവ എന്നു പേരുള്ള സൂര്യന്റെ കുതിരകൾ, ഹിരണ്യ പ്രഉഗം = സ്വർണ്ണ മുഖമുള്ള (യുഗബന്ധനസ്ഥാനത്തിന് പ്രഉഗം എന്നു പേർ. അത് സൂര്യരഥത്തിൽ സ്വർണ്ണനിർമ്മിത മാകുന്നു.), രഥം=തേര്, വഹന്തഃ=വഹിക്കുന്നവരായി, ജനാൻ= പ്രാണികളെ, വ്യഖ്യൻ=വിശിഷ്യ പ്രകാശിപ്പിച്ചു ശശ്വത് = എല്ലായ്പോഴും, വിശഃ=പ്രജകളും, വിശ്വാ = എല്ലാ, ഭുവനാനി = ലോകങ്ങളും,ദൈവ്യസ്യ = ദേവ താത്മാവായ, സവിതുഃ = സൂര്യന്റെ, ഉപസ്ഥേ= സമീ പത്ത് (പ്രകാശത്തിനായി) തസ്ഥുഃ = നിന്നു.

तिस्रो द्यावः सवितुर्द्वा उपस्थाँ
एका यमस्य भुवने विराषाट्।
आणिं न रथ्यममृताधि तस्थु-
रिह ब्रवीतु य उ तच्चिकेतत् ।।६।।

തിസ്രോഃ ദ്യാവഃ സവിതുർദ്വാ ഉപസ്ഥാങ്
ഏകാ യമസ്യ ഭുവനേ വിരാഷാട്
ആണിം ന രഥ്യമമൃതാധി തസ്ഥു-
രിഹ ബ്രവീതു യ ഉ തച്ചികേതത്

(പദച്ഛേദഃ) തിസ്രഃ ദ്യാവഃ സവിതുഃ ദ്വൌ ഉപസ്ഥാ ഏകാ യമസ്യ ഭുവനേ വിരാഷാട് ആണിം ന രഥ്യം അമൃതാ അധിത സ്ഥുഃ ഇഹ ബ്രവീതു യഃ ഉ തത് ചികേതത്.

(അർത്ഥഃ) തിസ്രഃ= മൂന്ന്, ദ്യാവഃ= സ്വർഗാദിലോകങ്ങൾ, (ഉണ്ട്) ദ്വൌ= അവയിൽ രണ്ട് ലോകങ്ങൾ, സവിതുഃ= സൂര്യന്റെ, ഉപസ്ഥാ = സമീപത്തുവർത്തിക്കുന്നു, (സ്വർഭൂലോകങ്ങൾ രണ്ടും സൂര്യനാൽ പ്രകാശിപ്പിക്കപ്പെടുന്നു), ഏകാ = മധ്യവർത്തിയായ അന്തരിക്ഷം, യമസ്യ = പിതൃപതിയായ യമന്റെ, ഭുവനേ = ലോകത്തിൽ, വിരാഷാട് = ഗമിക്കുന്നവരെ സഹിക്കുന്നു (പരേതാത്മാക്കൾ അന്തരീക്ഷത്തിലൂടെ സ്വർഗം ഗമിക്കുന്നു എന്നു സാരം), രഥ്യം = രഥത്തിലുള്ള, ആണിം = ചക്ര ദ്വാരത്തിൽ നിക്ഷിപ്തമായകീലത്തെ, ന = എന്നപോലെ, അമൃതാ = മരണമില്ലാത്ത ചന്ദ്ര നക്ഷത്രാദിജ്യോതിസ്സുകളും ജലങ്ങളും, അധിതസ്ഥുഃ = സൂര്യനെ ആശ്രയിച്ചു നിൽക്കുന്നു (തേർകീലത്തെ ആശ്രയിച്ചു നിൽക്കുന്നതുപോലെ സർവ്വജ്യോതിസ്സുകളും സൂര്യനെ ആശ്രയിച്ചുനിൽക്കുന്നു) യഃ ഉ = ഏതൊരു പുരുഷൻ, തത് = അങ്ങനെയുള്ള സവിതാവിന്റെ സ്വരൂപത്തെ, ചികേതത് = അറിയുന്നുവോ, സഃ = അവൻ, ഇഹ = ഈ വിഷയത്തെക്കുറിച്ച്, ബ്രവീതു = പറഞ്ഞുതരട്ടെ,

(സവിതൃ മാഹാത്മ്യത്തെക്കുറിച്ച് പറയാൻ ആരുംസമർഥരല്ലെന്നു സാരം)

वि सुपर्णो अन्तरिक्षाण्यख्यद्
गभीरवेपा असुरः सुनीथः।
क्वेदानीं सूर्यः कश्चिकेत
कतमां द्यां रश्मिरस्याततान ।।७।।

വി സുപർണോ അന്തരിക്ഷാണ്യഖ്യദ്
ഗഭീരവേപാ അസുരഃ സുനീഥഃ
ക്വേദാനീം സൂര്യഃകശ്ചികേത
കതമാം ദ്യാം രശ്മിരസ്യാതതാന

(പദച്ഛേദഃ) വി സുപർണഃ അന്തരിക്ഷാണി അഖ്യത് ഗഭീരവേപാഃ അസുര : സുനീഥഃ ക്വ ഇദാനീം സൂര്യഃ കഃ ചികേത കതമാം ദ്യാം രശ്മിഃ അസ്യ ആതതാന.

(അർത്ഥഃ) ഗഭീരവേപാഃ = ആഴത്തിൽ വിറകൊള്ളുന്നതും (വെട്ടിത്തിളങ്ങുന്നതും) (രശ്മിചലനം ആർക്കും കാണാൻ കഴിയാത്തതാണെന്നു സാരം), അസുരഃ = എല്ലാവർക്കും പ്രാണൻ നൽകുന്നതും, സുനീഥഃ = വെളിച്ചം കാട്ടി ഉദ്ദിഷ്ടസ്ഥാനത്തെത്തിക്കുന്നതും, സുപർണഃ= ശോഭനങ്ങളായ ചിറകുകൾ ഉള്ളതുമായ സൂര്യന്റെ രശ്മി

അന്തരിക്ഷാണി = അന്തരിക്ഷം, ഭൂമി, സ്വർഗംഎന്ന മൂന്നു ലോകങ്ങളേയും, വ്യഖ്യത് = പ്രകാശിപ്പിച്ചു. സൂര്യഃ = ഇപ്രകാരം വർണിക്കപ്പെട്ട രശ്മികളോടുകൂടിയ സവിതൃദേവൻ, ഇദാനീം = ഇപ്പോൾ രാത്രിയിൽ, ക്വ = എവിടെ വർത്തിക്കുന്നു, അസ്യ = ഈ സൂര്യന്റെ, രശ്മിഃ = കിരണം, കതമാംദ്യാം = ഏത് സ്വർഗലോകത്തെയാണ്, ആതതാന = വ്യാപിച്ചിരിക്കുന്നത്? കഃചികേത = ആരറിയും?

(രാത്രിയിൽ സൂര്യരശ്മി മറ്റൊരു ഭാഗത്ത് പതിക്കുന്നുവെന്ന് വ്യംഗ്യമായി സൂചിപ്പിക്കപ്പെട്ടിരിക്കുന്നു)

अष्टौ व्यख्यत् ककुभः पृथिव्या
स्त्री धन्व योजना सप्तसिन्धून्।
हिरण्याक्षस्सविता देव आगाद्
दधद्रत्ना दाशुषे वार्याणि।।८।।

അഷ്ടൌ വ്യഖ്യത് കകുഭഃ പൃഥിവ്യാ
സ്ത്രീ ധന്വ യോജ്ജനാ സപ്ത സിന്ധൂൻ
ഹിരണ്യാക്ഷസ്സവിതാ ദേവ ആഗാദ്
ദധദ്രത്നാ ദാശുഷേ വാര്യാണി

(പദച്ഛേദഃ) അഷ്ടൗ വി അഖ്യത് കകുഭഃ പൃഥിവ്യാഃത്രീ ധന്വ യോജ്ജനാ സപ്ത സിന്ധൂൻ ഹിരണ്യാക്ഷഃ സവിതാ ദേവഃ ആ അഗാത് ദധത് രത്നാ ദാശുഷേ വാര്യാണി.

(അർത്ഥഃ) പൃഥിവ്യാഃ = ഭൂമിയെ സംബന്ധിക്കുന്ന, അഷ്ടൌ = എട്ട് കകുഭഃ = ദിക്കുകളെ (കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക്,തെക്കുകിഴക്ക്, തെക്കു പടിഞ്ഞാറ്, വടക്കു പടിഞ്ഞാറ്, വടക്കുകിഴക്ക്), വ്യഖ്യത് = പ്രകാശിപ്പിച്ചു, യോജ്ജനാ = ജീവരാശികളെയും, ധന്വ = അന്തരിക്ഷാദി, ത്രീ = മൂന്നുലോകങ്ങളേയും, സപ്ത സിന്ധൂൻ = ഏഴു സമുദ്രങ്ങളേയും, വ്യഖ്യത് = പ്രകാശിപ്പിച്ചു. ഹിരണ്യാക്ഷഃ = ഹിതവും രമണീയവുമായ കണ്ണുകളോടുകൂടിയ, സവിതാദേവഃ = സവിതൃദേവൻ, ദാശുഷേ = ഹവിർദാതാവിന്, വാര്യാണി = വരണീയങ്ങളായ, രത്നാ = ശ്രേഷ്ഠവസ്തുക്കളെ, ദധത് = നൽകിക്കൊണ്ട്, ആഗത് = ഇവിടെ വന്നു ചേരട്ടെ.

(സപ്തദ്വീപാ വസുമതീ എന്നു വേദം തന്നെ പറയുന്നു. ഭൂമി ഏഴു ദ്വീപുകളോട്– ഏഴു ഭൂഖണ്ഡങ്ങളോട് കൂടിയതാണ് എന്ന സത്യം വേദം വെളിവാക്കുന്നു. സൂര്യൻ ഏഴു സമുദ്രങ്ങളെ പ്രകാശിപ്പിച്ചു എന്നു പറയുമ്പോൾ ഭൂമിയുടെ പലഭാഗവും സൂര്യാഭിമുഖമായി വരുന്നുവെന്ന കാര്യവും വെളിവാകുന്നുണ്ടല്ലോ).

हिरण्यपाणिः सविता विचर्षणि-
रुभे द्यावापृथिवी अन्तरीयते।

अपामीवां बाधते वेति सूर्यम्
अभि कृष्णेन रजसा द्यामृणोति ।।१०।।

ഹിരണ്യപാണിഃസവിതാ വിചർഷണി–
രുഭേ ദ്യാവാപൃഥിവീ അന്തരീയതേ
അപാമീവാം ബാധതേ വേതി സൂര്യം
അഭികൃഷ്ണേന രജസാ ദ്യാമൃണോതി

(പദച്ഛേദ)ഃ ഹിരണ്യപാണിഃസവിതാ വിചർഷണിഃ ഉഭേ ദ്യാവാപൃഥിവീ,അന്തഃ ഈയതേ, അപ, അമീവാം ബാധതേ, വേതി, സൂര്യം അഭി കൃഷ്ണേന രജസാ ദ്യാം ഋണോതി.

(അർത്ഥഃ) ഹിരണ്യപാണിഃ = സ്വർണ്ണമയ ഹസ്തങ്ങളുള്ള (യാഗം ചെയ്യുന്നവർക്കുനൽകാനായി കൈയിൽസ്വർണം ധരിക്കുന്ന) വിചർഷണിഃ = വിവിധംവർഷിക്കുന്നവനായ, സവിതാ = സവിതൃ ദേവൻ, ഉഭേ ദ്യാവാ പൃഥിവീ അന്തഃ = സ്വർഗം ഭൂമി എന്നീ രണ്ട് ലോകങ്ങൾക്കുമിടയ്ക്ക്. ഈയതേ = പോകുന്നു, അമീവാം = രോഗാദി ബാധകളെ പരത്തുന്ന അണുക്കളെ, അപബാധതേ = ഇല്ലാതാക്കുന്നു, സൂര്യം = സൂര്യ ദേവനെ,വേതി = പ്രാപിക്കുന്നു, (സവിതൃ സൂര്യന്മാർ തമ്മിൽ ഭേദമില്ലെങ്കിലുംകൽപ്പിക്കപ്പെട്ട മൂർത്തിഭേദത്താൽ രണ്ടായി വർണിക്കപ്പെടുന്നതായിചില വിദ്വാൻമാർ അഭിപ്രായപ്പെടുന്നു. പക്ഷെ ലോകർക്കു മനസ്സിലാകാത്ത പല രഹസ്യങ്ങളുടെയും കലവറയായ വേദം എന്താണ് യഥാർഥമായി ഉദ്ദേശിക്കുന്നതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു). കൃഷ്ണേന = ഇരുട്ടിനെ അകറ്റാൻ പോന്ന, രജസാ = തേജസ്സുകൊണ്ട്, ദ്യാം = ആകാശത്തെ, അഭിഋണോതി = ചുറ്റും വ്യാപിക്കുന്നു.

हिरण्यहस्तो असुरः सुनीथः
सुमृलीकः स्ववाँ यात्वर्वाङ्
अपसेधन् रक्षसो यातुधानान्
अस्थाद्देवः प्रतिदोषं गृणानः ।।११।।

ഹിരണ്യഹസ്തോ അസുരഃ സുനീഥഃ
സുമൃളീകഃ സ്വവാങ് യാത്വർവാങ്
അപസേധൻ രക്ഷസോ യാതുധാനാൻ
അസ്ഥാദ്ദേവഃ പ്രതിദോഷം ഗൃണാനഃ

(പദച്ഛേദഃ) ഹിരണ്യഹസ്തഃ അസുരഃ സുനീഥഃ സുമൃളീകഃ സ്വവാൻ, യാതു, അർവാങ്, അപസേധൻ,രക്ഷസഃ, യാതുധാനാൻ അസ്ഥാത്, ദേവഃ പ്രതിദോഷം, ഗൃണാനഃ

(അർത്ഥഃ) ഹിരണ്യഹസ്തഃ = സ്വർണ്ണക്കരങ്ങളുള്ള, അസുരഃ= പ്രാണ പ്രദാതാവായ, സുനീഥഃ = നല്ല നേതാവായ, സുമൃളീകഃ = നല്ല സുഖം തരുന്ന, സ്വവാൻ = ആധനവാനായ ദേവൻ , അർവാങ്= അഭിമുഖനായി, യാതു = കർമ ഭൂമിയിൽ എത്തിച്ചേരട്ടെ (ഈ ദേവൻ) പ്രതിദോഷം = പ്രതി രാത്രം, ഗൃണാനഃ = സ്തുതിക്കപ്പെടുന്നവനായി, രക്ഷസഃ = ബാധിക്കുന്നവരായ, യാതുധാനാൻ = അസുരൻമാരെ, അപസേധൻ = വിരട്ടിയോടിച്ചുകൊണ്ട്, അസ്ഥാത് = നിന്നു.

ये ते पन्थाः सवितः पूर्व्यासो
रेणवः सुकृता अन्तरिक्षे।
तेभिर्नो अद्य पथिभिः सुगेभी
रक्षा च नो अधि च ब्रूहि देव।।२२।।

യേ തേ പന്ഥാഃ സവിതഃ പൂർവ്യാസോ
രേണവഃ സുകൃതാ അന്തരിക്ഷേ
തേഭിർനോ അദ്യ പഥിഭിഃ സുഗേഭീ
രക്ഷാ ച നോ അധി ച ബ്രൂഹി ദേവ.

(പദച്ഛേദഃ) യേ തേ പന്ഥാഃ സവിതഃ പൂർവ്യാസഃ രേണവഃ സുകൃതാഃ അന്തരിക്ഷേ തേഭിഃ നോ അദ്യ പഥിഭിഃ സുരേഭിഃ രക്ഷാ ച നഃ അധി ച ബ്രൂഹി ദേവ

(അർത്ഥഃ) ഹേ സവിതഃ = അല്ലയോ സൂര്യദേവ! തേ = നിന്റെ പന്ഥാഃ = മാർഗങ്ങൾ, പൂർവ്വസിദ്ധാഃ = നേരത്തെ നിശ്ചയിക്കപ്പെട്ടവ തന്നെ, അരേണവഃ = പൊടിപറ്റാത്ത അവ, അന്തരിക്ഷേ= അന്തരിക്ഷമാർഗ്ഗത്തിൽ, സുകൃതാഃ = നല്ലവണ്ണം നിന്നാൽ തന്നെ സമ്പാദിക്കപ്പെട്ടവയാണ്, സുഗേഭിഃ= നല്ലവണ്ണം ഗമിക്കാനുതകുന്ന, തേഭിഃ പഥിഭിഃ = ആ മാർഗ്ഗത്തിലുടെ, അദ്യ= ഈ ദിവസം, നഃ = ഞങ്ങളെ, രക്ഷ ച = പാലിക്കുകകൂടിചെയ്യണം, ഹേ ദേവ= അല്ലയോ സൂര്യദേവ, നഃ = ഞങ്ങളെ, അധി ബ്രൂഹി ച = ദേവന്മാരുടെ മുന്നിൽ വച്ച് ഉയർത്തിപ്പറയുക കൂടിവേണം.

द्यावापृथिवीसूक्तम्

ദ്യാവാപൃഥിവീസൂക്തം

ते हि द्यावापृथिवी विश्वशम्भुव
ऋतावरी रजसो धारयत्कवी ।
सुजन्मनी धिषणे अन्तरीयते
देवो देवी धर्मणा सूर्यः शुचिः ।।१।।

തേ ഹി ദ്യാവാപൃഥിവീ വിശ്വശംഭുവ
ഋതാവരീ രജസോ ധാരയത്കവീ
സുജന്മനീ ധിഷണേ അന്തരീയതേ
ദേവോ ദേവീ ധർമണാ സൂര്യ: ശുചി:

പദച്ഛേദഃ തേ ഹി ദ്യാവാപൃഥിവീ വിശ്വശംഭുവാ ഋതാവരീ രജസഃ ധാരയത് കവീ, സുജന്മനീ ധിഷണേ അന്തഃ ഈയതേ ദേവഃ ദേവീ ധർമണാ സൂര്യ : ശുചി:

അർത്ഥഃ വിശ്വശംഭുവാ = എല്ലാവർക്കും സുഖമേകുന്നവരും, ഋതാവരീ= ജലംഉള്ളവരും, രജസഃ= വെള്ളത്തെ, ധാരയത്കവീ= ധരിക്കുന്നവനായ സൂര്യനോടുകൂടിയവരും (മഴ പെയ്യിക്കുന്നതുപോലെയുള്ള സൂര്യന്റെ കർമ്മങ്ങൾ കൊണ്ട് വറ്റാത്ത ജലസമ്പത്തുള്ളവരും) സുജന്മനീ = നല്ല

ജന്മങ്ങൾ പേറിയവരും, ധിഷണേ = സ്വസ്വവ്യാപാര ങ്ങളിൽ പ്രഗല്ഭരും, ദേവീ = പ്രകാശിക്കുന്നവരും, തേ ഹി = ആണല്ലോ അവർ! ദ്യാവാപൃഥിവീ അന്തഃ = സ്വർഗ്ഗ ത്തിന്റെയും ഭൂമിയുടെയും ഇടയ്ക്ക്, ശുചിഃ = ശുദ്ധ നും, ദേവഃ = പ്രകാശിക്കുന്നവനുമായ, സൂര്യഃ = സൂര്യ ദേവൻ, ധർമണാ = പ്രകാശം, ജലം, മുതലായവ നൽ കുന്നവനായി, ഈയതേ = എല്ലായ്പ്പോഴും ഗമിക്കുന്നു.

उरुव्यचसा महिनी असश्चता
पिता माता च भुवनानि रक्षतः।
सुधृष्टमे वपुष्ये न रोदसी
पिता यत्सीमभि रूपैरवासयत्॥२॥

ഉരുവ്യചസാ മഹിനീ അസശ്ചതാ
പിതാ മാതാ ച ഭുവനാനി രക്ഷതഃ
സുധൃഷ്ടമേ വപുഷ്യേ ന രോദസീ
പിതാ യത്സീമഭി രൂപൈരവാസയത്

പദച്ഛേദഃ ഉരുവ്യചസാ, മഹിനീ, അസശ്ചതാ, പിതാ, മാതാ ച, ഭുവനാനി, രക്ഷതഃ, സുധൃഷ്ടമേ, വപുഷ്യേ, ന, രോ ദസീ പിതാ, യത്, സീം അഭി, രൂപൈഃ അവാസയത്

അർത്ഥഃ സീം= എല്ലാംകൊണ്ടും, പിതാ = പിതൃസ്ഥാനീയനായ സ്വർഗ്ഗഭൂമി, രൂപൈഃ = രൂപങ്ങളെകാണാൻ ഉതകുന്ന പ്രകാശങ്ങളെക്കൊണ്ടും (മഴ തുടങ്ങിയവകൊണ്ടും), അഭ്യവാസയത് = ഉയർന്നുനിൽക്കുന്നു, (അതുകൊണ്ട്) പിതാ = രക്ഷിക്കുന്നതായ സ്വർഗ്ഗവും മാതാ, ച = നിർമ്മിക്കുന്നവളായ ഭൂമിദേവിയും, ഉരുവ്യചസാ= അതി വിസ്തീർണ്ണമുള്ളവരും, മഹിനീ = മഹതികളും, അസശ്ച താ = പരസ്പരം വിയുക്തരായി വർത്തിച്ച്, സുധൃഷ്ടമേ=

അതീവപ്രഗല്ഭരായിരിക്കുന്നു, രോദസീ = സ്വർഭൂമികൾ വപുഷ്യേ ന = ശരീരത്തിനു ഹിതമേകുന്നവരായി (അച്ഛനമ്മമാരെപ്പോലെ ശരീരത്തെ രക്ഷിക്കുന്നവരായി) ഭുവനാനി= എല്ലാപ്രാണികളേയും, രക്ഷതഃ- പരിപാലിക്കുന്നു.

स वह्निः पुत्रः पित्रोः पवित्रवान्
पुनाति धीरो भुवनानि मायया।
धेनुं च पृश्निं वृषभं सुरेतसं
विश्वाहा शुक्रं पयो अस्य धृक्षत।। ३ ।।

സ വഹ്നിഃ പുത്രഃ പിത്രോഃ പവിത്രവാൻ
പുനാതി ധീരോ ഭുവനാനി മായയാ
ധേനും ച പൃശ്നിം വൃഷഭം സുരേതസം
വിശ്വാഹാ ശുക്രം പയോ അസ്യ ധൃക്ഷത

പദച്ഛേദഃ സഃ വഹ്നിഃ പുത്രഃ പിത്രോഃ പവിത്രവാൻ പുനാതി ധീരഃ ഭുവനാനി മായയാ ധേനും ച പൃശ്നിം വൃഷഭം സുരേതസം വിശ്വാഹാ ശുക്രം പയഃ അസ്യ ധൃക്ഷത.

അർത്ഥഃ പിത്രോഃ = അമ്മയും അച്ഛനുമായ ദ്യാവാപൃഥിവികളുടെ (സ്വർഗ്ഗ ഭൂമികളുടെ) പുത്രഃ = പുത്രസ്ഥാനീയനായ ആദിത്യൻ, പവിത്രവാൻ= പവിത്രമായ രശ്മികളോട് കൂടിയവനാണ്, ധീരഃ = ബുദ്ധിമാനായ, സ വഹ്നിഃ = ആ അഗ്നി (ഫലം വഹിക്കുന്നവനായി) മായയാ = സ്വന്തം പ്രജ്ഞകൊണ്ട്, ഭുവനാനി= എല്ലാപ്രാണികളേയും, പാവയതി = പ്രകാശിപ്പിക്കുന്നു. (ആപുത്രൻ തന്നെ) പൃശ്നിം = വെള്ളനിറത്തിലുള്ള, ധേനും= പ്രീണിപ്പിക്കുന്ന ഭൂമിയേയും, സുരേതസം= ശോഭനമായ ജലത്തോടുകൂടിയ, വൃഷഭം ച = സേചനം നടത്തുന്ന സ്വർഗ്ഗ

ഭൂമിയേയും, വിശ്വാഹാ = എല്ലാദിവസവും (മായയാ പുനാതി = സ്വമായകൊണ്ട് പവിത്രീകരിക്കുന്നു) അസ്യ= ഈ സ്വർഗ്ഗലോകത്തെ (കർമാർത്ഥത്തിൽ ഷഷ്ഠീ പ്രയോഗം) ശുക്രം = പ്രകാശപൂർണ്ണമായ പയഃ = പാലു പോലത്തെ വെള്ളത്തിനുവേണ്ടി ധൃക്ഷത = കറക്കുന്നു.

अयं देवानामपसामपस्तमो
यो जजान रोदसी विश्वशंभुवा।
वि यो ममे रजसी सुक्रतूयया
जरेभिः स्कंभनेभिः समानृचे।।४।

അയം ദേവാനാമപസാമപസ്തമോ
യോ ജ്ജാന രോദസീ വിശ്വശംഭുവാ
വി യോ മമേ രജസീ സുക്രതൂയയാ
ജരേഭിഃ സ്കംഭനേഭിഃ സമാനൃചേ

പദച്ഛേദഃ അയം, ദേവാനാം, അപസാം, അപസ്തമഃ, യഃ, ജജാന, രോദസീ വിശ്വശംഭുവാ, വി യഃ മമേ രജസീ സുക്രതൂയയാ അജരേഭിഃ സ്കംഭനേഭിഃ സം ആനൃചേ.

അർത്ഥഃ യഃ = ഏതൊരുദേവൻ, വിശ്വശംഭുവാ = എല്ലാവിധവും പ്രാണികളുടെ നന്മ മാത്രം കാംക്ഷിക്കുന്ന, രോദസീ = സ്വർഗ്ഗഭൂമികളെ, ജജാന = ഉല്പാദിപ്പിച്ചുവോ, (യോ ദേവഃ = ഏതൊരുദേവൻ) രജസീ= രഞ്ജിപ്പിക്കുന്ന സ്വർഗ്ഗ ഭൂമികളെ, സുക്രതൂയയാ= ശോഭനകർമ്മങ്ങൾ ചെയ്യു വാൻ വേണ്ടി, വിമമേ = വിശേഷിച്ച് അളന്നുതിട്ടപ്പെടു ത്തിയോ, അജരേഭിഃ = ജീർണ്ണിക്കാത്ത (ദൃഢതരങ്ങളാ യ) സ്കംഭനേഭിഃ = ഗതിപ്രതിബന്ധകങ്ങളായ ആണി കൾകൊണ്ട്, സമാനൃചേ = എല്ലായിടത്തും നല്ലവണ്ണം

സ്ഥാപിച്ചുവോ, അയം = ആദേവൻ, അപസാം = കർമ്മികളായ ദേവൻമാരിൽവച്ച്, അപസ്തമഃ = അതി ശ്രേഷ്ഠം കർമ്മാവാകുന്നു.

ते नो गृणाने महिनी महि श्रवः
क्षत्रं द्यावापृथिवी धासथो बृहत् ।
येनाभि कृष्टीस्ततनाम विश्वहा
पनाय्यमोजो अस्मे समिन्वतम् ।। ५ ।।

തേ നോ ഗൃണാനേ മഹിനീ മഹിശ്രവഃ
ക്ഷത്രം ദ്യാവാപൃഥിവീ ധാസഥോ ബൃഹത്
യേനാഭി കൃഷ്ടീസ്തതനാമ വിശ്വഹാ
പനായ്യമോജോ അസ്മേ സമിന്വതം

പദച്ഛേദഃ തേ നഃ ഗൃണാനേ മഹിനീ മഹിശ്രവഃ ക്ഷത്രം ദ്യാവാപൃഥിവീ ധാസഥഃ ബൃഹത് യേന അഭികൃഷ്ടീഃ തതനാമ വിശ്വഹാ പനായ്യം ഓജഃ അസ്മേ സമിന്വതം

അർത്ഥഃ ഗൃണാനേ = ഇങ്ങനെ സ്തുതിക്കപ്പെടുന്നവരായ, മഹിനീ= മഹിതകളായ, തേ ദ്യാവാപൃഥിവീ = ആ ദ്യാവാപൃഥിവികളേ, മഹിശ്രവഃ= വലിയയശസ്സും, ബൃഹത്= വലിയ, ക്ഷത്രം = ക്ഷത്രിയബലവും, ധാസഥഃ = ഞങ്ങൾക്കുതരേണമേ. പനായ്യം = സ്തുതിക്കത്തക്ക, ഓജഃ = ആ വീര്യവും, അസ്മേ സമിന്വതം = ഞങ്ങൾക്കു ലഭിക്കുമാറ് ചെയ്യണം, യേന = ഏതൊരു ഓജസ്സുകൊണ്ടാണോ, അഭികൃഷ്ടീഃ = ജനങ്ങളുടെ മേൽ, തതനാമ = ഞങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ കഴിയുന്നത്.

इन्द्रसूक्तम्

ഇന്ദ്രസൂക്തം

यो जात एव प्रथमो मनस्वान्
देवो देवान् क्रतुना पर्यभूषत्।
यस्य शुष्माद्रोदसी अभ्यसेतां
नृम्णस्य मह्ना स जनास इन्द्रः ।।१।।

യോ ജാത ഏവ പ്രഥമോ മനസ്വാൻ
ദേവോ ദേവാൻ ക്രതുനാ പര്യഭൂഷത്
യസ്യ ശുഷ്മാദ്രോദസീ അഭ്യസേതാം
നൃമ്ണസ്യ മഹ്നാ സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യഃ ജാതഃ ഏവ പ്രഥമഃ മനസ്വാൻ ദേവഃ ദേവാൻ ക്രതുനാ പര്യഭൂഷത് യസ്യ ശുഷ്മാത് രോദസീ അഭ്യസേതാം നൃമ്ണസ്യ മഹ്നാ സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ പ്രഥമഃ =ഒന്നാമനും, മനസ്വാൻ = അതീവബുദ്ധിമാനുമായ, യോ ദേവഃ= ഏതൊരു ദേവനാണോ, ജാത ഏവ = ജനിച്ചപ്പോൾ തന്നെ, ദേവാൻ= മറ്റെല്ലാദേവൻമാരേയും, ക്രതുനാ = സ്വന്തം ശക്തിയാൽ, പര്യഭൂഷത്= അതിക്രമിച്ചത്, യസ്യ = ഏതൊരുവന്റെ, ശുഷ്മാത് =

ശക്തിയുടെ മുന്നിൽ (യസ്യ= ഏതൊരുവന്റെ) നൃമ്ണസ്യ = പരാക്രമത്തിന്റെ, മഹ്നാ= മഹിമകൊണ്ട്, രോദസീ = സ്വർഗ്ഗവും ഭൂമിയും അഭ്യസേതാം = പേടിച്ചുവിറച്ചുവോ, ഹേ ജനാസഃ= അല്ലയോ ജനങ്ങളേ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

यः पृथिवीं व्यथमानामदृंहद्
　　यः पर्वतान् प्रकुपिताँ अरम्णात्
यो अन्तरिक्षं विममे वरीयो
　　यो द्यामस्तभ्नात् स जनास इन्द्रः ।।२ ।।

യഃ പൃഥിവീം വ്യഥമാനാമദൃംഹദ്
　　യഃ പർവതാൻ പ്രകുപിതാം അരമ്ണാത്
യോ അന്തരിക്ഷം വിമമേ വരീയോ
　　യോ ദ്യാമസ്തഭ്നാത് സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യഃ പൃഥിവീം വ്യഥമാനാം അദൃംഹത് യഃ പർവതാൻ, പ്രകുപിതാൻ അരമ്ണാത് യഃ അന്തരിക്ഷം വിമമേ വരീയഃ യഃ ദ്യാം അസ്തഭ്നാത് സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യഃ = ഏതൊരുവനാണോ, വ്യഥമാനാം = ഉറപ്പില്ലാതെ ഇളകിക്കൊണ്ടിരുന്ന, പൃഥിവീം = ഭൂമിയെ, അദൃംഹത് = ഉറപ്പിച്ചത്, യഃ = ഏതൊരുവനാണോ, പ്രകുപിതാൻ = ക്ഷോഭിച്ച, പർവ്വതാൻ= പർവ്വതങ്ങളെ, അരമ്ണാത് = ശാന്തരാക്കിയത്, യഃ = ഏതൊരു, വരീയഃ = ശ്രേഷ്ഠനാണോ, അന്തരിക്ഷം = വായുതങ്ങുന്ന അന്തരീക്ഷലോകത്തെ, വിമമേ = വിസ്തരിച്ച് അളന്നത്, യഃ = ഏതൊരുവനാണോ, ദ്യാം = സ്വർഗ്ഗലോകത്തെ, അസ്തഭ്നാത് = താങ്ങിനിർത്തിയത്, ഹേജനാസഃ = അല്ലയോ ജനങ്ങളെ, സഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

यो हत्वाहिमरिणात् सप्त सिन्धून्
यो गा उदाजदपधा वलस्य।
यो अश्मनोरन्तरग्निं जजान
संवृक् समत्सु स जनास इन्द्रः ।।३।।

യോ ഹത്വാഹിമരിണാത് സപ്തസിന്ധൂൻ
യോ ഗാ ഉദാജദപധാ വലസ്യ
യോ അശ്മനോരന്തരഗ്നിം ജജാന
സംവൃക് സമത്സു സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യഃ ഹത്വാ അഹിം അരിണാത് സപ്ത സിന്ധൂൻ യഃ ഗാഃ ഉദാജത് അപധാ വലസ്യ യഃ അശ്മനോഃ അന്തഃ അഗ്നിം ജജാന സംവൃക് സമത്സു സഃ ജനാസഃ ഇന്ദ്രഃ

അർത്ഥം: യഃ ഏതൊരുവനാണോ, അഹിം = സർപ്പത്തിനെ, ഹത്വാ = കൊന്നിട്ട്, സപ്തസിന്ധൂൻ= ഏഴുസമുദ്രങ്ങളേയും, അരിണാത്= പുറത്തുവിട്ടത് (തടസം നീക്കി പുറത്തുകൊണ്ടുവന്നത്), യഃ = ഏതൊരുവനാണോ, അശ്മനോഃ = രണ്ട് കല്ലുകളുടെ, അന്തഃ = ഇടയ്ക്ക്, അഗ്നിം = തീയെ, ജജാന = ജ്വലിപ്പിച്ചത്, സമത്സു = യുദ്ധങ്ങളിൽ, യഃ = ആരാണോ, സംവൃക് = വിജയിക്കുന്നത്, ജനാസഃ = അല്ലയോ ജനങ്ങളെ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

येनेमा विश्वा च्यवना कृतानि
यो दासं वर्णमधरं गुहाकः
श्वघ्नीव यो जिगीवाँ लक्षमादद्
अर्यः पुष्टानि स जनास इन्द्रः।।४।।

യേനേമാ വിശ്വാ ച്യവനാ കൃതാനി
യോ ദാസം വർണമധരം ഗുഹാകഃ
ശ്വഘ്നീവ യോ ജിഗീവാൻ ലക്ഷമാദദ്
അര്യഃ പുഷ്ടാനി സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യേന ഇമാ വിശ്വാ ച്യവനാ കൃതാനി യഃ ദാസം വർണം അധരം ഗുഹാ അകഃ ശ്വഘ്നീ ഇവ യഃ ജിഗീവാൻ ലക്ഷം ആദദ് അര്യഃ പുഷ്ടാനി സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യേന = ഏതൊരുവനാൽ, ഇമാ വിശ്വാ = ഈ ലോകങ്ങളെല്ലാം, ച്യവനാ= ചലിക്കുന്നവയായി, കൃതാനി = ചെയ്യപ്പെട്ടുവോ, യഃ = ഏതൊരുവൻ, ദാസം വർണ്ണം= ദാസനെന്ന ജാതിയെ, അധരം= താഴ്ത്തി, ഗുഹാ അകഃ= ഗുഹക്കകത്തു തള്ളി ഇല്ലാതാക്കുകയും ചെയ്തുവോ, യഃ= ഏതൊരുവൻ, ജിഗീവാൻ = ജയിക്കുന്ന, ശ്വഘ്നീ = ചൂതുകളിക്കാരൻ, ലക്ഷം ഇവ= ലക്ഷങ്ങളെ എന്നപോലെ, അര്യഃ= ശത്രുക്കളുടെ, പുഷ്ടാനി = സമ്പത്തുവകകളെയെല്ലാം, ആദദ്= കൈക്കലാക്കിയോ, ജനാസഃ = അല്ലയോ ജനങ്ങളെ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

(ഗ്രഹാദികൾക്ക് ഗമനം ഉണ്ടെന്ന് ആദ്യപങ്ക്തിയിൽ നിന്ന് വ്യക്തമാകുന്നു. ആധുനികവിജ്ഞാനം മറനീക്കി കാണാൻ വെമ്പുന്നപല രഹസ്യങ്ങളും വേദങ്ങൾ എന്നോ വ്യക്തമാക്കിക്കഴിഞ്ഞു).

यं स्मा पृच्छन्ति कुह सेति घोरम्
उतेमाहुर्नैषो अस्तीत्येनम्
सो अर्यः पुष्टीर्विज इवा मिनाति
श्रदस्मै धत्त स जनास इन्द्रः ।।५।।

യം സ്മാ പൃച്ഛന്തി കുഹ സേതി ഘോരം
ഉതേ മാഹുർനൈഷോ അസ്തീത്യേനം
സോ അര്യഃ പുഷ്ടീർവിജ ഇവാ മിനാതി
ശ്രദസ്മൈ ധത്ത സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യം സ്മ പൃച്ഛന്തി കുഹ സഃ ഇതി ഘോരം ഉത ഈം ആഹുഃ ന ഏഷഃ അസ്തി ഇതി ഏനം സഃ അര്യഃ പുഷ്ടീഃ വിജഃ ഇവ ആമിനാതി ശ്രത് അസ്മൈ ധത്ത സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ ഘോരം= ഭയാനകനായ, യം= ഏതൊരുവനെ, സഃ കുഹ ഇതി = അവൻ എവിടെയെന്ന്, പൃച്ഛന്തിസ്മ = ചോദിക്കുമോ, ഉത = അല്ലെങ്കിൽ, ഈം ഏനം = ഈയുള്ളവനെ, ന ഏഷഃ അസ്തി ഇതി = ഇങ്ങനെ ഒരുവൻ ഇല്ലെന്ന്, ആഹുഃ = പറയുമോ, സഃ = അവൻ, അര്യഃ = ശത്രുക്കളുടെ, പുഷ്ടീഃ = ഐശ്വര്യങ്ങളെ, വിജ ഇവ = ചൂതുകളിക്കായ് പോലെ, ആമിനാതി = കുറയ്ക്കുന്നു, അസ്മൈ = അവനിൽ, ശ്രദ്ധത്ത = ശ്രദ്ധപതിപ്പിക്കുവിൻ, ജനാസഃ = അല്ലയോ ജനങ്ങളേ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

यो रध्रस्य चोदिता यः कृशस्य
यो ब्रह्मणो नाधमानस्य कीरेः।
© ± Ñ #ï ±f विता सुशिप्रः
सुतसोमस्य स जनास इन्द्रः ।।६।।

യോ രധ്രസ്യ ചോദിതാ യഃ കൃശസ്യ
യോ ബ്രഹ്മണോ നാധമാനസ്യ കീരേഃ
യുക്തഗ്രാവ്ണോ യോ *f* വിതാ സുശിപ്രഃ
സുതസോമസ്യ സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യഃ രധ്രസ്യ ചോദിതാ യഃ കൃശസ്യ യഃ ബ്രഹ്മണഃ നാധമാനസ്യ കീരേഃ യുക്തഗ്രാവ്ണഃ യഃ അവിതാ സുശിപ്രഃ സുതസോമസ്യ സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യഃ= ഏതൊരുവനാണോ, രധ്രസ്യ = ധനികൻെറ, ചോദിതാ=ധനവൃദ്ധിക്ക് കാരണഭൂതനായിരിക്കുന്നത്, യഃ = ഏതൊരുവനാണോ, കൃശസ്യ= ധനഹീനൻെറയും, ചോദിതാ= ധനവൃദ്ധിക്ക് ഹേതുഭൂതനായിരിക്കുന്നത് യഃ = ഏതൊരുവനാണോ, നാധമാനസ്യ = ആശ്രയിച്ച, കീരേഃ = ഗാനമാലപിക്കുന്ന, ബ്രഹ്മണഃ = ബ്രാഹ്മണൻെറ, ചോദിതാ = ധനസമൃദ്ധിക്ക് കാരണനായിരിക്കുന്നത്, സുശിപ്രഃ = മനോഹരങ്ങളായ അധരങ്ങൾ പേറിയ യഃ = ഏതൊരുവനാണോ, സുതസോമസ്യ= സോമരസം പിഴിയുന്നവൻെറ, യുക്ത ഗ്രാവ്ണഃ= അതിലേക്കായി അമ്മിക്കല്ല് എപ്പോഴും കൈയ്യിൽ സൂക്ഷിക്കുന്നവൻെറ, അവിതാ = രക്ഷിതാവും ആയിരിക്കുന്നത്, ജനാസഃ = അല്ലയോ ജനങ്ങളേ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

यस्याश्वासः प्रदिशि यस्य गावो
यस्य ग्रामा यस्य विश्वे रथासः ।
यः सूर्यं य उषसं जजान
यो अपां नेता स जनास इन्द्रः ।।७।।

യസ്യാശ്വാസഃ പ്രദിശി യസ്യ ഗാവോ
യസ്യ ഗ്രാമാ യസ്യ വിശ്വേ രഥാസഃ
യഃ സൂര്യം യ ഉഷസം ജജാന
യോ അപാം നേതാ സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യസ്യ അശ്വാസഃ പ്രദിശി യസ്യ ഗാവഃ യസ്യ ഗ്രാമാഃ യസ്യ വിശ്വേ രഥാസഃ യഃ സൂര്യം യഃ ഉഷസം ജജാന യഃ അപാം നേതാ സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യസ്യ = ഏതൊരുവൻെറ, പ്രദിശി = വരുതിയിലാണോ, അശ്വാസഃ = കുതിരകളും, ഗാവഃ = പശുക്കളും, ഗ്രാമാഃ = ഗ്രാമങ്ങളും, വിശ്വേ = എല്ലാ, രഥാസഃ = തേരുകളും വർത്തിക്കുന്നത്, യഃ = ഏതൊരുവനാണോ, സൂര്യം= സൂര്യനേയും, ഉഷസം, = ഉഷസ്സിനേയും, ജജ്ഞാന= ജനിപ്പിച്ചത്, യഃ = ഏതൊരുവനാണോ, അപാം= വെള്ളത്തെ, നേതാ = നയിക്കുന്നത്, ജനാസഃ= അല്ലയോ ജനങ്ങളെ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

यं क्रन्दसी संयती विह्वयेते
परे ऽवर उभया अमित्राः ।
समानं चिद्रथमातस्थिवांसा
नाना हवेते स जनास इन्द्रः ।।८।।

യം ക്രന്ദസീ സംയതീ വിഹ്വയേതേ
പരേ ഽവര ഉഭയാ അമിത്രാഃ
സമാനം ചിദ്രഥമാതസ്ഥിവാംസാ
നാനാ ഹവേതേ സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യം ക്രന്ദസീ സംയതീ വിഹ്വയേതേ പരേ അവരേ ഉഭയാഃ അമിത്രാഃ സമാനം ചിത് രഥം, ആതസ്ഥിവാംസാ നാനാ ഹവേതേ സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യം= ഏതൊരുവനെ, സംയതീ= ഒരുമിച്ചുകൂടുന്ന, ക്രന്ദസീ= രണ്ട് യുദ്ധകാഹളങ്ങൾ, വിഹ്വയേതേ = വിവിധം (ജയകാംക്ഷയോടെ) വിളിക്കുന്നുവോ, പരേ അവരേ = ശ്രേഷ്ഠരും സ്വല്പരുമായ, ഉഭയാ = രണ്ട്, അമിത്രാ : = ശത്രുക്കളും, സമാനം ചിത് = ഒരേപോലെയുള്ള, രഥം = തേരിൽ, ആതസ്ഥിവാംസഃ = ഇരുന്നുകൊണ്ട്

നാനാഹവേതേ = വ്യത്യസ്തരീതിയിൽ (ലാഭേച്ഛയാൽ) വിളിക്കുന്നുവോ, ജനാസഃ = അല്ലയോ ജനങ്ങളേ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

यस्मान्न ऋते विजयन्ते जनासो
यं युध्यमाना अवसे हवन्ते।
यो विश्वस्य प्रतिमानं बभूव
यो अच्युतच्युत्स जनास इन्द्रः।।९।।

യസ്മാന്ന ഋതേ വിജയന്തേ ജനാസോ
യം യുധ്യമാനാ അവസേ ഹവന്തേ
യോ വിശ്വസ്യ പ്രതിമാനം ബഭൂവ
യോ അച്യുതച്യുത് സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യസ്മാത് ന ഋതേ വിജയന്തേ ജനാസഃ യം യുധ്യമാനാഃ അവസേ ഹവന്തേ യഃ വിശ്വസ്യ പ്രതിമാനം ബഭൂവ യഃ അച്യുതച്യുത് സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യസ്മാദ് ഋതേ = ആരെക്കൂടാതെ, ജനാസഃ= ജനങ്ങൾ, ന വിജയന്തേ = വിജയിക്കുന്നില്ലയോ, യുദ്ധ്യമാനാഃ= യുദ്ധത്തിൽ ഏർപ്പെടുന്നവർ, യം = ഏതൊരുവനെ, അവസേ = രക്ഷണത്തിനായി, ഹവന്തേ= വിളിക്കുന്നുവോ, യഃ = ഏതൊരുവൻ, വിശ്വസ്യ = ലോകത്തിനു മുഴുവനും, പ്രതിമാനം= മാതൃകയായി, ബഭൂവ = തീർന്നുവോ, യഃ = ഏതൊരുവനാണോ, അച്യുതച്യുത് = ചലിക്കാത്തതിനെയും ചലിപ്പിക്കുമോ, ജനാസഃ = അല്ലയോ ജനങ്ങളേ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

यः शश्वतो मह्येनो दधानान्
अमन्यमानाञ्छर्वा जघान।
यः शर्धते नानुददाति शृध्यां
यो दस्योर्हन्ता स जनास इन्द्रः।।१०।।

യഃ ശശ്വതോ മഹ്യേനോ ദധാനാൻ
അമന്യമാനാഞ്ഛർവാ ജഘാന
യഃ ശർധതേ നാനുദദാതി ശൃധ്യാം
യോ ദസ്യോർഹന്താ സ ജനാസ ഇന്ദ്രഃ 10

പദച്ഛേദഃ യഃ ശശ്വതഃ മഹി ഏനഃ ദധാനാൻ അമന്യമാനാൻ ശർവാ ജഘാന യഃ ശർധതേ ന അനുദദാതി ശൃധ്യാം യഃ ദസ്യോഃ ഹന്താ സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യഃ= ഏതൊരുവൻ, അമന്യമാനാൻ= വരുംവരായ്കകളെക്കുറിച്ച് ചിന്തിയാതെ, മഹി ഏനാൻ = വലിയ പാപങ്ങളെ, ദധാനാൻ= ചെയ്യുന്നവരെ, ശശ്വതഃ= എന്നെന്നേക്കുമായി, ശർവാ = അമ്പെയ്ത്, ജഘാന = നശിപ്പിച്ചുവോ, യഃ = ഏതൊരുവൻ, ശർധതേ = ക്രൂരനിലുള്ള, ശൃധ്യാം = ക്രൂരതയെ, ന അനുദദാതി = അംഗീകരിക്കുന്നില്ലയോ (ക്ഷമിക്കുന്നില്ലയോ), യഃ ഏതൊരുവനാണോ, ദസ്യോ : = രാക്ഷസൻമാരുടെ, ഹന്താ= ഹന്താവ്, ജനാസഃ = അല്ലയോ ജനങ്ങളെ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

यः शंबरं पर्वतेषु क्षियन्तं
चत्वारिंश्यां शरद्यन्वविन्दत् ।
ओजायमानं यो अहिं जघान
दानुं शयानं स जनास इन्द्रः ।।११।।

യഃ ശംബരം പർവതേഷു ക്ഷിയന്തം
ചത്വാരിംശ്യാം ശരദ്യന്വവിന്ദത്
ഓജായമാനം യോ അഹിം ജഘാന
ദാനും ശയാനം സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യഃ ശംബരം പർവതേഷു, ക്ഷിയന്തം ചത്വാരിംശ്യാം ശരദി അന്വവിന്ദത് ഓജ്ജായമാനം യഃ അഹിം ജഘാന ദാനും ശയാനം സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യഃ= ഏതൊരുവൻ, പർവ്വതേഷു= പർവ്വതങ്ങളിൽ, ക്ഷിയന്തം=വസിക്കുന്നവനായ, ശംബരം= ശംബരനെന്ന അസുരനെ, ചത്വാരിംശ്യാം = നാല്പതാമത്തെ, ശരദി= ശരദൃതുവിൽ, അന്വവിന്ദത്= കണ്ടുപിടിച്ചുവോ, യഃ= ഏതൊരുവൻ, ഓജ്ജായമാനം= ഹുങ്കു കാണിക്കുന്ന, അഹിം= സർപ്പത്തേയും, ശയാനം= കിടക്കുന്നവനായ, ദാനും =ദനുപുത്രനേയും, ജഘാന= ഹനിച്ചുവോ, ജനാസഃ= അല്ലയോ ജനങ്ങളേ, സ ഇന്ദ്രഃ= അവനാണ് ഇന്ദ്രൻ.

यस्सप्तरश्मिर्वृषभस्तुविष्मान्
अवासृजत्सर्तवे सप्त सिन्धून्।
यो रौहिणमस्फुरद् वज्रबाहु-
र्द्यामारोहन्तं स जनास इन्द्रः।।१२।।

യഃ സപ്തരശ്മിർവൃഷഭസ്തുവിഷ്മാൻ
അവാസൃജത് സർതവേ സപ്തസിന്ധൂൻ
യോ രൗഹിണമസ്ഫുരദ് വജ്രബാഹുർ-
ദ്യാമാരോഹന്തം സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യഃ സപ്തരശ്മിഃ വൃഷഭഃ തുവിഷ്മാൻ അവാസൃജത് സർതവേ സപ്ത സിന്ധൂൻ യഃ രോഹിണം അസ്ഫുരത് വജ്രബാഹുഃ ദ്യാം ആരോഹന്തം സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യഃ= ഏതൊരുവൻ, സപ്തരശ്മിഃ = ഏഴു കടിഞ്ഞാണുകളോടുകൂടിയ, തുവിഷ്മാൻ = ശക്തിയേറിയ, വൃഷഭഃ = കാളയായി വർത്തിച്ചു കൊണ്ട്, സപ്ത = ഏഴു, സിന്ധൂൻ = സമുദ്രങ്ങളെ, സർത്തവേ = ഒഴുകുവാനായി,

അവാസൃജത് = തുറന്നുവിട്ടുവോ, ദ്യാം= സ്വർഗത്തിൽ, ആരോഹന്തം= കയറുവാൻ യത്നിച്ച, രൌഹിണം = രൌഹിണനെ, വജ്രബാഹുഃ യഃ = കൈയിൽ വജ്രംധരിച്ച ഏതൊരുവൻ, അസ്ഫുരത് = പ്രഹരിച്ചുവോ, ജനാസഃ = അല്ലയോ ജനങ്ങളേ, സ ഇന്ദ്രഃ= അവനാണ് ഇന്ദ്രൻ.

द्यावा चिदस्मै पृथिवी नमेते
शुष्माच्चिदस्य पर्वता भयन्ते।
यः सोमपा निचितो वज्रबाहु-
र्यो वज्रहस्तः स जनास इन्द्रः।।१३।।

ദ്യാവാ ചിദസ്മൈ പൃഥിവീ നമേതേ
ശുഷ്മാച്ചിദസ്യ പർവ്വതാ ഭയന്തേ
യഃ സോമപാ നിചിതോ വജ്രബാഹുർ-
യോ വജ്രഹസ്തഃ സ ജനാസ ഇന്ദ്രഃ 13

പദച്ഛേദഃ ദ്യാവാ ചിത് അസ്മൈ പൃഥിവീ നമേതേ ശുഷ്മാത് ചിത് അസ്യ പർവതാഃ ഭയന്തേ യഃ സോമപാ നിചിതഃ വജ്രബാഹുഃ യഃ വജ്രഹസ്തഃ സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ ദ്യാവാ= സ്വർഗവും, പൃഥിവീ = ഭൂമിയും, ചിത് = പോലും അസ്മൈ= ഇവന്, നമേതേ= പ്രണാമം അർപ്പിക്കുന്നു. അസ്യ= ഇവൻെറ, ശുഷ്മാത്= ശക്തിയാൽ, പർവതാഃ ചിത്= പർവതങ്ങൾപോലും, ഭയന്തേ= ഭയക്കുന്നു, വജ്രബാഹുഃ= വജ്രംപോലെ ഉറച്ച കൈകളോടുകൂടിയ, യഃ = ഏതൊരുവനാണോ, സോമപാ=സോമപാനം ചെയ്യുന്നവനായി,നിചിതഃ=പരക്കെ അറിയപ്പെടുന്നത്, യഃ = ഏതൊരുവനാണോ, വജ്രഹസ്ത;= കൈയിൽ വജ്രായുധം ധരിച്ചിരിക്കുന്നത്, ജനാസഃ= അല്ലയോ ജനങ്ങളേ, സ ഇന്ദ്രഃ= അവനാണ് ഇന്ദ്രൻ.

यस्सुन्वन्तमवति यः पचन्तं
यः शंसन्तं यः शशमानमूती।
यस्य ब्रह्म वर्धनं यस्य सोमो
यस्येदं राधः स जनास इन्द्रः ।।१४।।

യസ്സുന്വന്തമവതി യഃ പചന്തം
യഃ ശംസന്തം യഃ ശശമാനമൂതീ
യസ്യ ബ്രഹ്മ വർധനം യസ്യ സോമോ
യസ്യേദം രാധഃ സ ജനാസ ഇന്ദ്രഃ

പദച്ഛേദഃ യഃ സുന്വന്തം അവതി യഃ പചന്തം
യഃ ശംസന്തം യഃ ശശമാനം ഊതീ, യസ്യ ബ്രഹ്മ വർധനം
യസ്യ സോമഃ യസ്യ ഇദം രാധഃ സഃ ജനാസഃ ഇന്ദ്രഃ

അർത്ഥഃ യഃ = ഏതൊരുവൻ,സുന്വന്തം=സോമം പിഴിയുന്നവനേയും, പചന്തം = യാഗാന്നം പാകം ചെയ്യുന്നവനേയും, അവതി = രക്ഷിക്കുന്നുവോ, യഃ = ഏതൊരുവൻ, ശംസന്തം = സ്തുതിക്കുന്നവനേയും, ശശ്മാനം = യാഗകാലത്ത് സ്തുതി അർപ്പിക്കുന്നവനേയും, ഊതീ = തുണയ്ക്കുന്നുവോ, യസ്യ = ഏതൊരുവന്, ബ്രഹ്മ = സ്തുതിയും, സോമഃ = സോമരസവും, ഇദം രാധഃ = ഈ യാജ്ഞികമായ സമ്മാനവും, വർധനം= പോഷകങ്ങളായി ഭവിക്കുന്നുവോ, ജനാസഃ = അല്ലയോ ജനങ്ങളേ, സ ഇന്ദ്രഃ = അവനാണ് ഇന്ദ്രൻ.

यः सुन्वते पचते दुध्र आ चिद्
वाजं दर्दर्षि स किलासि सत्यः।
वयं त इन्द्र विश्वह प्रियासः
सुवीरासो विदधमावदेम।।१५।।

യഃ സുന്വതേ പചതേ ദുധ്ര ആചിദ്
വാജം ദർദർഷി സ കിലാസി സത്യഃ
വയം ത ഇന്ദ്ര വിശ്വഹ പ്രിയാസഃ
സുവീരാസോ വിദധമാവദേമ

പദച്ഛേദഃ യഃ സുന്വതേ പചതേ ദുധ്രഃആ ചിത് വാജം
ദർദർഷി സഃ കില അസി സത്യഃ
വയം തേ ഇന്ദ്ര വിശ്വഹ പ്രിയാസഃ സുവീരാസ;
വിദധം ആവദേമ.

അർത്ഥഃ ദുധ്രഃ = അത്യന്തം ഭയാനകനായ, യഃ = ഏതൊരുവൻ സുന്വതേ = സോമംപിഴിയുന്നവനും, പചതേ = യാഗാന്നം പാകം ചെയ്യുന്നവനും, വാജം= അധിക സമ്പത്ത്, ആദർദർഷി = പ്രദാനം ചെയ്യുന്നുവോ, സകില = ആ നീമാത്രമാണ്, സത്യഃ അസി = സത്യമായിട്ടുള്ളത്, ഇന്ദ്ര = ഹേഇന്ദ്ര, തേ = നിനക്ക്, വിശ്വഹ പ്രിയാസഃ = എന്നും പ്രിയങ്കരരായിട്ടുള്ള, വയം = ഞങ്ങൾ, സു വീരാസഃ = ദൃഢഗാത്രരായ സന്തതികളോടുകൂടി, (നിനക്കായി) വിദധം = ദിവ്യസ്തുതി, ആവദേമ = എന്നും ചെയ്യുമാറാകണേ!

वरुणसूक्तम्

വരുണസൂക്തം

धीरा त्वस्य महिना जनूंषि
वि यस्तस्तंभ रोदसी चिदुर्वी
प्र नाकमृष्वं नुनुदे बृहन्तं
द्विता नक्षत्रं पप्रथच्च भूम ।।१।।

ധീരാ ത്വസ്യ മഹിനാ ജനൂംഷി
വി യസ്തസ്തംഭ രോദസീ ചിദുർവീ
പ്ര നാകമൃഷ്വം നുനുദേ ബൃഹന്തം
ദ്വിതാ നക്ഷത്രം പപ്രഥച്ച ഭൂമ

പദച്ഛേദഃ ധീരാ തു അസ്യ മഹിനാ ജനൂംഷി വിയഃതസ്തംഭ രോദസീ ചിത് ഉർവീ പ്ര നാകം ഋഷ്വം നുനുദേ ബൃഹന്തം ദ്വിതാ നക്ഷത്രം പപ്രഥത് ച ഭൂമ.

അർത്ഥഃ അസ്യ=ഇവൻെറ (വരുണദേവൻെറ), ജനൂംഷി= ചെയ്തികളെല്ലാംതന്നെ,ധീരാ= ബുദ്ധിപൂർവകം തന്നെ, യഃ = ഏതൊരുവനാണോ, രോദസീ =സ്വർഗ്ഗത്തേയും, ഉർവീചിത് = ഭൂമിയേയും, വിതസ്തംഭ = ഉറപ്പിച്ചുവോ, ഋഷ്വം = ഉയർന്നതും ബൃഹന്തം = വലിപ്പമുള്ളതും ആയ, നാകം = സ്വർഗ്ഗത്തേയും, നക്ഷത്രം ച = സൂര്യനേയും,

ദിതാ = പ്രത്യേകം പ്രത്യേകമായി, പ്രനുനുദേ = ദൂരെയായി എറിഞ്ഞു മാറ്റിയോ, ഭൂമ = ഭൂമിയെ, പപ്രഥത് = വിസ്തരി പ്പിച്ചുവോ (ആ വരുണൻെറ ചെയ്തി കളെല്ലാം തന്നെ കരുതലോടെയുള്ളവ തന്നെ).

उत स्वया तन्वा सं वदे तत्
कदा न्वन्तर्वरुणेभुवानि।
किं मे हव्यमहृणानो जुषेत
कदा मृलीकं सुमना अभि ख्यम् ।।२।।

ഉത സ്വയാ തന്വാ സം വദേ തത്
കദാ ന്വന്തർവരുണേ ഭുവാനി
കിം മേ ഹവ്യമഹൃണാനോ ജ്ജുഷേത
കദാ മൃളീകം സുമനാ അഭി ഖ്യം

പദച്ഛേദഃ ഉത സ്വയാ തന്വാ സം വദേ തത് കദാ നു അന്തഃ വരുണേ ഭുവാനി കിം മേ ഹവ്യം അഹൃണാനഃ ജ്ജുഷേത കദാ മൃളീകം സുമനാ : അഭി ഖ്യം.

അർത്ഥഃ ഉത = പിന്നെയോ, സ്വയാ തന്വാ = സ്വന്തം ശരീരവുമായി (തന്നെത്താനേ) തത് = അക്കാര്യം, സംവദേ = ഞാൻ സംസാരിക്കാൻ പോകുന്നു. കദാ നു = എപ്പോഴാണ്, വരുണേ = വരുണൻെറ, അന്തഃ ഭുവാനി = ഉള്ളിലായി ഞാൻ ചേരും (ഞാൻ എപ്പോൾ വരുണദേവനിൽ ചെന്നു ലയിക്കും?) മേ = എൻെറ, കിം ഹവ്യം = ഏതൊരു ഹോമ ദ്രവ്യത്തെ, അഹൃണാനഃ= കോപിക്കാതെ കണ്ട്, ജ്ജുഷേത = അദ്ദേഹം ഉൾക്കൊള്ളും (സ്വീകരിക്കും) സുമനാഃ = ശോഭനമനസ്കനായി, മൃളീകം = ആ ദേവൻെറ കാരുണ്യത്തെ, കദാ = എപ്പോൾ, അഭി ഖ്യം = ഞാൻ സാക്ഷാത്കരിക്കും?

पृछे तदेनो वरुण दिदृक्षू -
पो एमि चिकितुषो विपृछम्।
समानमिन्मे कवयश्चिदाहु-
रयं ह तुभ्यं वरुणो हृणीते ।। ३ ।।

പൃഛേ തദേനോ വരുണ ദിദൃക്ഷൂ
പോ ഏമി ചികിതുഷോ വിപൃഛം
സമാനമിൻമേ കവയശ്ചിദാഹു-
രയം ഹ തുഭ്യം വരുണോ ഹൃണീതേ

പദച്ഛേദഃ പൃഛേ, തത്, ഏനഃ, വരുണ, ദിദൃക്ഷു, ഉപോ, ഏമി, ചികിതുഷഃ വിപൃഛം, സമാനം, ഇത്, മേ, കവയഃ ചിത്, ആഹുഃ, അയം, ഹ, തുഭ്യം, വരുണഃ ഹൃണീതേ.

അർത്ഥഃ വരുണ = അല്ലയോ വരുണദേവ, ദിദൃക്ഷു = സത്യം കണ്ടുപിടിക്കുവാനുള്ള ആഗ്രഹത്തോടെ, തത് ഏനഃ = (എന്റെ ദുഃഖത്തിനു കാരണഭൂതമായ) ആ പാപ ത്തെക്കുറിച്ച്, പൃഛേ= ഞാൻ ചോദിക്കുന്നു. വിപൃഛം = ഇതിനെക്കുറിച്ച് ചോദിക്കുവാനായി, ചികിതുഷഃ = വിദ്വാൻമാരെ, ഉപൈമി = ഞാൻ സമീപിക്കുന്നു. (സമീപിച്ചു), കവയഃ ചിത് = ആ ക്രാന്ത ദർശികളായ പണ്ഡിതൻമാരാകട്ടെ, മേ = എന്നോട്, സമാനം ഇത് = ഒരേ പോലെ തന്നെ, ആഹുഃ = പറയുന്നു (പറഞ്ഞു) തുഭ്യം = നിന്നോട്, അയം = ഈ, വരുണോ ഹ = വരുണൻ തന്നെയാണ്, ഹൃണീതേ = കോപിച്ചിരി ക്കുന്നത്.

किमाग आस वरुण ज्येष्ठं
यत्स्तोतारं जिघांससि सखायम्।
प्र तन्मे वोचो दूलभ स्वधावो
ऽव त्वानेना नमसा तुर इयाम्।।४।।

കിമാഗ ആസ വരുണ ജ്യേഷ്ഠം
യത്സ്തോതാരം ജിഘാംസസി സഖായം
പ്ര തന്മേ വോചോ ദൂളഭ സ്വധാവോ
/വ ത്വാനേനാ നമസാ തുര ഇയാം

പദച്ഛേദഃ കിം ആഗഃ ആസ വരുണ ജ്യേഷ്ഠം യത് സ്തോതാരം ജിഘാംസസി, സഖായം, പ്ര, തത്, മേ, വോചഃ, ദൂളഭ, സ്വധാവഃ, അവ, ത്വാ, അനേനാഃ നമസാ, തുരഃ ഇയാം.

അർത്ഥഃ വരുണ = അല്ലയോ വരുണദേവ, ജ്യേഷ്ഠം = അത്ര വലുതായി, കിം ആഗഃ = ഏതൊരു പാപമാണ്, ആസ = (എന്നിൽ) ഉള്ളത്, യത് = ഏതൊന്നിനാൽ (കുപിതനായി) സ്തോതാരം = സ്തുതിക്കുന്നവനായിട്ടുപോലും, സഖായം = സഖാവായിട്ടു പോലും (സ്നേഹിതൻ എന്ന അർഥത്തിൽ) (എന്നെ) ജിഘാംസസി = നീ കൊല്ലുവാൻ ആഗ്രഹിക്കുന്നത്, ദൂളഭ = ആർക്കും ചതി കൊണ്ട് കീഴടക്കാൻ കഴിയാത്ത പെരുമയുള്ളവനേ, സ്വധാവഃ= താനേ തനിക്ക് ആശ്രയമായുള്ളോനേ, തത് = അതെന്താണെന്ന്, മേ = എനിക്ക്, പ്രവോചഃ = നീ വിസ്തരിച്ച് പറഞ്ഞുതരണം, അനേനാഃ= അതറിഞ്ഞ് (പരിഹാരാദികളിലൂടെ) പാപരഹിതനായിതീരുന്ന ഞാൻ, തുരഃ = അതീവ ത്വരയോടെ, ത്വാ = നിന്നെ, നമസാ = നമസ്കാരാദികളാൽ, അവേയാം = സന്തോഷിപ്പിക്കും.

अव द्रुग्धानि पित्र्यां सृजा नो
/वि या वयं चकृमा तनूभिः।
अव राजन् पशुतृपं न तायुं
सृजा वत्सं न दाम्नो वसिष्ठम्।।५।।

അവ ദ്രുഗ്ധാനി പിത്ര്യാം സൃജാ നോ
/വ യാ വയം ചകൃമാ തനൂഭിഃ

അവ രാജൻ പശുതൃപം ന തായും
സൃജാ വത്സം ന ദാമ്നോ വസിഷ്ഠം

പദച്ഛേദ: അവ ദ്രുഗ്ധാനി പിത്ര്യാ സൃജ നഃ അവ യാ വയം ചകൃമ തനൂഭിഃ അവ രാജൻ പശുതൃപം ന തായും സൃജ വത്സം ന ദാമ്നഃ വസിഷ്ഠം.

അർഥ: പിത്ര്യാ= പിതാക്കൻമാർ ചെയ്ത, ദ്രുഗ്ധാനി = മറ്റുള്ളവരെ ദ്രോഹിക്കുന്ന തരത്തിലുള്ള ദുഷ്പ്രവൃത്തികളിൽ നിന്നും, നഃ = ഞങ്ങളെ, അവസൃജ = മോചിപ്പിച്ചാലും, വയം = ഞങ്ങൾ, തനൂഭിഃ = സ്വന്തം ശരീരാദികളാൽ, യാ ചകൃമ = എന്തൊക്കെയാണോ ചെയ്യുന്നത് അവയിൽ നിന്നും, (ഞങ്ങളെ), അവസൃജ = മോചിപ്പിച്ചാലും, രാജൻ = അല്ലയോ രാജരാജനായ വരുണ, പശുതൃപം = പശു മോഷ്ടിച്ച, തായും ന = കള്ളനെയെന്ന പോലെയും, ദാമ്നഃ = കയറിൽ നിന്നും, വത്സം ന = കന്നിനെ എന്ന പോലെയും, വസിഷ്ഠം = വസിഷ്ഠനായ എന്നെ, അവസൃജ = നീ മോചിപ്പിച്ചാലും.

न स स्वो दक्षो वरुण ध्रुतिस्सा
सुरा मन्युर्विभीदको अचित्तिः।
अस्ति ज्यायान् कनीयस उपारे
स्वप्नश्चनेदनृतस्य प्रयोता।।६।।

ന സ സ്വോ ദക്ഷോ വരുണ ധ്രുതിസ്സാ
സുരാ മന്യുർ വിഭീദകോ അചിത്തിഃ
അസ്തി ജ്യായാൻ കനീയസ ഉപാരേ
സ്വപ്നശ്ചനേദനൃതസ്യ പ്രയോതാ

പദച്ഛേദ: ന സഃ സ്വഃ ദക്ഷഃ വരുണ ധ്രുതിഃ സാ സുരാ മന്യുഃ വിഭീദകഃ അചിത്തിഃ അസ്തി ജ്യായാൻ കനീയസഃ ഉപാരേ സ്വപ്നഃ ച ന ഇത് അനൃതസ്യ പ്രയോതാ.

അർത്ഥ: വരുണ = അല്ലയോ വരുണ ദേവ, സഃ= അത്, സ്വഃ= തൻെറ തന്നെ, ദക്ഷഃ = സാമർത്ഥ്യം (സ്വമേധയാ ആലോചിച്ചുകൊണ്ടുള്ള പ്രവൃത്തി) ന = അല്ല, സാ = ആ ദുഷ്പ്രവൃത്തിക്കു കാരണം, ധ്രുതി; = മോഹം, സുരാ = കള്ള്, മന്യുഃ = കോപം, വിഭീദകഃ = ചൂത്, അചിത്തിഃ = ചിന്തിക്കാതെയുള്ള പ്രവൃത്തി, (എന്നിവയാണ്. ഇവകളാലാണ് ഒരു മനുഷ്യൻ തെറ്റു ചെയ്യുന്നത്), കനീയസഃ = ചെറിയവൻെറ, ഉപാരേ = മുകളിൽ, ജ്യായാൻ = ഒരു വലിയവൻ, അസ്തി = ഉണ്ട് (വിധിയുടെ കരങ്ങൾക്കു മുന്നിൽ മനുഷ്യൻ ചെറിയവനാണ്), സ്വപ്നഃ ഇത് = സ്വപ്നം (ഉറക്കം) പോലും, അനൃതസ്യ= തെറ്റിനെ, പ്രയോതാച = നിയന്ത്രിക്കുന്നതായും, ന = തീരുന്നില്ല. (ഉറക്കത്തിൽ കാണുന്ന സ്വപ്നങ്ങൾ പോലും തെറ്റിന് പ്രേരകങ്ങളായി ഭവിക്കുന്നു).

अरं दासो न मीळ्हुषे कराण्य-
हं देवाय भूर्णयेऽ नागाः ।
अचेतयदचितो देवो अर्यो
गृत्सं राये कवितरो जुनाति ।।७।

അരം ദാസോ ന മീള്ഹുഷേ കരാണ്യ-
ഹം ദേവായ ഭൂർണയേऽനാഗാഃ
അചേതയദചിതോ ദേവോ അര്യോ
ഗൃത്സം രായേ കവിതരോ ജുനാതി.

പദച്ഛേദഃ അരം ദാസഃ ന മീള്ഹുഷേ കരാണി അഹം ദേവായ ഭൂർണയേ അനാഗാഃ അചേതയത് അചിതഃ ദേവഃ അര്യഃ ഗൃത്സം രായേ കവിതരഃ ജുനാതി.

അർത്ഥഃ അഹം = ഞാൻ, അനാഗാ;= പാപമറ്റവനായി, ദാസോ ന = ഒരു വേലക്കാരനെ പോലെ, മീള്ഹുഷേ = അത്യധികം, ഭൂർണയേ = കോപിഷ്ടനായ, ദേവായ = ആ

ദേവനുവേണ്ടി, അരം കരാണി = സേവനം അനുഷ്ഠിക്കാം, അര്യോ ദേവഃ = ശ്രേഷ്ഠനായ ആ ദേവൻ (വരുണൻ), അചിതഃ = ചിന്താശക്തിയില്ലാത്തവനെ, അചേതയത് = അതീവ ബുദ്ധിമാനാക്കി, കവിതരഃ = അതീവ ക്രാന്തദർശിയായ ആദേവൻ, ഗൃത്സം = സമർത്ഥനായ ഒരുവനെ, രായേ = ധനസമ്പാദനത്തിനായി (ധനം വരുംവഴിയിലൂടെ ചെല്ലുവാൻ) ജുനാതി = പ്രേരിപ്പിക്കുന്നു.

अयं सु तुभ्यं वरुण स्वधावो
हृदि स्तोम उपश्रितस्तदस्तु ।
शं नः क्षेमे शमु योगे नो अस्तु
यूयं पात स्वस्तिभिः सदा नः ।।८।।

അയം സു തുഭ്യം വരുണ സ്വധാവോ
ഹൃദി സ്തോമ ഉപശ്രിതസ്തദസ്തു
ശം നഃ ക്ഷേമേ ശമു യോഗേ നോ അസ്തു
യൂയം പാത സ്വസ്തിഭിഃ സദാ നഃ

പദച്ഛേദഃ അയം സു തുഭ്യം വരുണ സ്വധാവഃ ഹൃദി സ്തോമഃ ഉപശ്രിതഃ ചിത് അസ്തു ശം നഃ ക്ഷേമേ ശം ഉ യോഗേ നഃ അസ്തു യൂയം പാത സ്വസ്തിഭിഃ സദാ നഃ

അർത്ഥഃ സ്വധാവഃ = തനിക്കു താൻതന്നെ ആശ്രയമായുള്ളോനേ, വരുണ = ഹേ വരുണദേവ, അയം സ്തോമഃ = ഈ സ്തുതിപരമായ ശ്ലോകം, തുഭ്യം = അങ്ങയ്ക്ക് (അങ്ങയുടെ) ഹൃദി = ഹൃദയത്തിൽ, സൂപശ്രിതഃ = നല്ലവണ്ണം പതിഞ്ഞതായി, അസ്തു = വർത്തിക്കട്ടെ, നഃ = ഞങ്ങൾക്ക്, ക്ഷേമേ = ഇതുവരേയ്ക്കും നേടിയ നേട്ടങ്ങളിലും, യോഗേ = ഇനി നേടേണ്ടുന്നതായ നന്മകൾക്കായുള്ള പരിശ്രമത്തിലും, ശം അസ്തു = മംഗളം ഉണ്ടാകട്ടെ, യൂയം = അങ്ങ്, സ്വസ്തിഭിഃ= ഐശ്വര്യാദികളെ നൽകി, സദാ = എല്ലായ്പോഴും, നഃ = ഞങ്ങളെ, പാത= രക്ഷിച്ചാലും.

पुरुषसूक्तम्

പുരുഷസൂക്തം

सहस्रशीर्षा पुरुषः
सहस्राक्षः सहस्रपात् ।
स भूमिं विश्वतो वृत्वा
अत्यतिष्ठद् दशाङ्गुलम् ।।१।।

ഓം സഹസ്രശീർഷാ പുരുഷഃ
സഹസ്രാക്ഷഃ സഹസ്രപാത്
സ ഭൂമിം വിശ്വതോ വൃത്വാ
അത്യതിഷ്ഠദ് ദശാങ്ഗുലം

പദച്ഛേദ: സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷഃ സഹസ്രപാത് സഃ ഭൂമിം വിശ്വതഃ വൃത്വാ അത്യതിഷ്ഠത് (അതി അതിഷ്ഠത്) ദശാങ്ഗുലം (ദശ അങ്ഗുലം).

അർത്ഥഃ പുരുഷഃ = പുരുഷൻ (ആദി പുരുഷൻ), സഹസ്രശീർഷാ = ആയിരം ശിരസ്സുകളോടുകൂടിയവനും, സഹസ്രാക്ഷഃ = ആയിരം കണ്ണുകളോടു കൂടിയവനും സഹസ്രപാത് = ആയിരം കാലുകളോടു കൂടിയവനും ആയിരുന്നു. സഃ = അവൻ, ഭൂമിം = ഭൂമിയെ, വിശ്വതഃ = എല്ലാവശത്തുകൂടിയും, വൃത്വാ = വ്യാപിച്ച്, ദശാങ്ഗുലം

= പത്തു വിരലളവിന്, അത്യതിഷ്ഠത് = അതിക്രമിച്ചും നിന്നു.

വ്യാപകത്വാദ് വിഷ്ണുഃ (വിഷ്ണുവെന്ന പദത്തിന് എങ്ങും വ്യാപിച്ചത് എന്നർത്ഥം) എന്ന ശ്രുതിവാക്യം പ്രമാണമാക്കി പ്രസ്തുത പുരുഷനെ മഹാവിഷ്ണുവായി കരുതി ധ്യാനിക്കാറുണ്ട്. പത്തങ്ഗുലം ഭൂമിയെ വ്യാപിച്ചശേഷവും നീണ്ടുപരന്നതുകൊണ്ട് ഭൂമിയെക്കാളും വ്യാപ്തി ആ പുരുഷന് ഉണ്ടായിരുന്നു എന്ന് വ്യംഗ്യം.

पुरुष एवेदं सर्वं
यद् भूतं यच्च भव्यम्।
उतामृतत्वस्येशानो
यदन्नेनातिरोहति।। २।।

പുരുഷ ഏവേദഗ്ം സർവ്വം
യദ്ഭൂതം യച്ച ഭവ്യം
ഉതാമൃതത്വസ്യേശാനഃ
യദന്നേനാതിരോഹതി

പദച്ഛേദഃ പുരുഷഃ ഏവ ഇദം സർവം യത് ഭൂതം യത് ച ഭവ്യം ഉത അമൃതത്വസ്യ ഈശാനഃ യത് അന്നേന അതിരോഹതി.

അർത്ഥഃ ഇദം = ഈ, സർവം = കാണപ്പെടുന്ന എല്ലാം, പുരുഷ ഏവ = പുരുഷൻ തന്നെയാണ്, യത്= ഏതൊന്നാണോ, ഭൂതം = കഴിഞ്ഞത്, യത് ച = ഏതൊന്നാണോ, ഭവ്യം = ഇനിവരാൻ പോകുന്നത് (സർവവും അവൻ തന്നെ), ഉത= കൂടാതെ, യത് = ഏതൊന്നിനെയാണോ, അന്നേന = അന്നം കൊണ്ട്, അതിരോഹതി = വളർത്തുന്നത്, അമൃതത്വസ്യ = ആ അമരണാവസ്ഥയുടെ, ഈശാന : = അധിഷ്ഠിതാവും (അവൻ തന്നെ).

യജ്ഞാന്നം കൊണ്ട് വളർത്തപ്പെടുന്ന ദേവതകൾക്ക് അധിഷ്ഠാതാവും പുരുഷൻ തന്നെയാകുന്നു.

एतावानस्य महिमा-
तो ज्यायांश्च पूरुषः।
पादो/ स्य विश्वा भूतानि
त्रिपादस्यामृतं दिवि।। ३ ।।

ഏതാവാനസ്യ മഹിമാ-
തോ ജ്യായാഗ്ംശ്ച പൂരുഷഃ
പാദോ/സ്യ വിശ്വാ ഭൂതാനി
ത്രിപാദസ്യാമൃതം ദിവി

പദച്ഛേദഃ ഏതാവാൻ, അസ്യ, മഹിമാ, അതഃ ജ്യായാൻ, ച, പൂരുഷഃ പാദഃ, അസ്യ, വിശ്വാ, ഭൂതാനി, ത്രിപാത്, അസ്യ, അമൃതം, ദിവി.

അർത്ഥഃ ഏതാവാൻ = ഇത്രയും വലുതാകുന്നു, അസ്യ = ഈ പുരുഷന്റെ, മഹിമാ = മാഹാത്മ്യം, അതഃ = അതിനാൽ, പൂരുഷഃ = ഈ പുരുഷൻ, ജ്യായാൻ ച = വളരെ വലിയവൻ തന്നെയാകുന്നു, വിശ്വാ = സകല, ഭൂതാനി = ഭൂതങ്ങളും, അസ്യ = ഇവന്റെ, പാദഃ = നാലിൽ ഒരംശമേ ആകുന്നുള്ളു. അസ്യ = ഇവന്റെ, ത്രിപാദ് = നാലിൽ മൂന്ന് ഭാഗം (മുക്കാൽ ഭാഗം) ദിവി = ആകാശത്തിൽ (ദേവലോകത്തിൽ), അമൃതം = അമൃത രൂപേണ വർത്തിക്കുന്നു.

त्रिपादूर्ध्व उदैत्पुरुषः
पादो/ स्येहाभवत् पुनः।
ततो विश्वङ्व्यक्रामत्
साशनानशने अभि ।।४।।

ത്രിപാദൂർദ്ധ്വ ഉദൈത് പുരുഷഃ
പാദോ ƒസ്യേഹാഭവത് പുനഃ
തതോ വിഷ്വങ് വ്യക്രാമത്
സാശനാനശനേ അഭി

പദച്ഛേദഃ ത്രിപാത് ഊർദ്ധ്വഃ ഉദൈത് (ഉത്ഐത്) പുരുഷഃ പാദഃ അസ്യ ഇഹ അഭവത് പുനഃ തതഃ വിശ്വം വ്യക്രാമത് സാശനാനശനേ അഭി.

അർത്ഥഃ പുരുഷഃ = ആ പുരുഷൻ, ത്രിപാത് = ആ മൂന്നു ഭാഗങ്ങളോടു കൂടിയും, ഉദൈത് = ഉയർന്നു പൊങ്ങി, അസ്യ = അവൻെറ, പാദഃ= ഒരംശം, ഇഹ = ഇവിടെ, പുനഃ = വീണ്ടും, അഭവത് = ഉണ്ടായിവന്നു, തതഃ = അതിനു ശേഷം, സാശനാനശനേ = ആഹാരം ഉൾക്കൊള്ളുന്നതും ഉൾക്കൊള്ളാത്തതുമായ സർവചരാചരങ്ങളെയും ഉൾക്കൊള്ളുന്ന (ചേതനാചേതനങ്ങളാൽ നിറഞ്ഞ) വിശ്വം അഭി = ലോകത്തിനുചുറ്റും, വ്യക്രാമത് = വിശേഷേണ വ്യാപിച്ചു.

तस्माद्विराडजायत
विराजो अधिपूरुषः।
स जातो अत्यरिच्यत
पश्चाद् भूमिमथो पुरः।।५।।

തസ്മാദിരാഡജ്ഞായത
വിരാജ്ഞോ അധിപൂരുഷഃ
സ ജ്ഞാതോ അത്യരിച്യത
പശ്ചാദ്ഭൂമിമഥോപുരഃ

പദച്ഛേദഃ തസ്മാത് വിരാട് അജ്ജായത, വിരാജ്ഃ, അധി പൂരുഷഃ സഃ, ജ്ഞാതഃ, അത്യരിച്യത, പശ്ചാത്, ഭൂമിം, അഥോ പുരഃ

തസ്മാത് = അവനിൽ നിന്നും, വിരാട് = വിരാട് പുരുഷൻ, അജ്ജായത = ഉണ്ടായി, വിരാജഃ = ആ വിരാട് പുരുഷനിൽ നിന്നും, പുരുഷഃ = പ്രപഞ്ച കാരണ ഭൂതനായ പുരുഷൻ, (ഉണ്ടായി) സഃ = അവൻ, ജാതഃ = ജനിക്കവേതന്നെ, ഭൂമിം = ഭൂമിയെ, പശ്ചാത് = പുറകിലും, അഥോ = പിന്നീട്, പുരഃ = മുമ്പിലും, അത്യരിച്യത = അതിക്രമിച്ച് നിന്നു.

यत्पुरुषेण हविषा
देवा यज्ञमतन्वत।
वसन्तो अस्यासीदाज्यं
ग्रीष्म इध्मः शरद्धविः।।६।।

യത്പുരുഷേണ ഹവിഷാ
ദേവാ യജ്ഞമതന്വത
വസന്തോ അസ്യാസീദാജ്യം
ഗ്രീഷ്മ ഇധ്മഃ ശരദ്ധവിഃ

പദച്ഛേദഃ യത് പുരുഷേണ ഹവിഷാ ദേവാഃ യജ്ഞം അതന്വത വസന്തഃ അസ്യ ആസീത് ആജ്യം ഗ്രീഷ്മഃ ഇദ്ധ്മഃ ശരത് ഹവിഃ

അർത്ഥഃ ദേവാഃ = ദേവൻമാർ, യത്പുരുഷേണ = ഏതൊരു പുരുഷനാകുന്ന ഹവിഷാ = ഹവിസ്സുകൊണ്ട് (ഹോമ ദ്രവ്യം കൊണ്ട്), യജ്ഞം = യാഗത്തെ, അതന്വത = അനുഷ്ഠിച്ചു, അസ്യ = ഈ യജ്ഞത്തിന്, വസന്തഃ = വസന്തഋതു, ആജ്യം = നെയ്യുടെ സ്ഥാനത്ത് ഉപയോഗിക്കപ്പെട്ടു, ഗ്രീഷ്മഃ = ഗ്രീഷ്മ ഋതു, ഇദ്ധ്മ; = വിറകായി ഉപയോഗിക്കപ്പെട്ടു. ശരത് = ശരദൃതു, ഹവിഃ = ഹവിസ്സിൻെറ സ്ഥാനത്ത് ഉപയോഗിക്കപ്പെട്ടു.

सप्तास्यासन् परिधयः
त्रिस्सप्त समिधः कृताः
देवा यद्यज्ञं तन्वाना
अबध्नन् पुरुषं पशुम् ।।७।।

സപ്താസ്യാസൻ പരിധയഃ
ത്രിസ്സപ്ത സമിധഃ കൃതാഃ
ദേവാ യദ്യജ്ഞം തന്വാനാഃ
അബധ്നൻ പുരുഷം പശും

പദച്ഛേദഃ സപ്ത അസ്യ ആസൻ പരിധയഃ ത്രിഃ സപ്ത സമിധഃ കൃതാഃ ദേവാഃ യത് യജ്ഞം തന്വാനാഃ അബധ്നൻ പുരുഷം പശും

അർത്ഥഃ അസ്യ = ഈ യജ്ഞത്തിന്, പരിധയഃ = അതിരുകൾ, സപ്ത = ഏഴെണ്ണം (ഏഴ് വൈദികവൃത്തങ്ങൾ) ആസൻ = ആയിരുന്നു, സമിധഃ = സമിത്തുകൾ (യാഗത്തിന് ഉപയോഗിക്കുന്ന ഒരു തരം ചെറിയ വിറകുകൾ) ത്രിസ്സപ്ത = മൂവേഴ് (ഇരുപത്തിയൊന്ന്) എണ്ണം, കൃതാഃ = ആയിചെയ്യപ്പെട്ടു (12 മാസങ്ങൾ, 5 ഋതുക്കൾ, 3 ലോകങ്ങൾ, സൂര്യൻ എന്നിങ്ങനെ 21) ദേവാ : = ദേവൻമാർ, യത് = ഏതൊരു യജ്ഞത്തെ, തന്വാനാഃ= ചെയ്യുന്ന മുറയ്ക്ക്, പുരുഷം = ആ പുരുഷനെ, പശും = യജ്ഞപശുവായി, അബധ്നൻ = കെട്ടിയിട്ടു.

तं यज्ञं बर्हिषि प्रौक्षन्
पुरुषं जातमग्रतः।
तेन देवा अयजन्त
साध्या ऋषयश्च ये ।।८।।

തം യജ്ഞം ബർഹിഷി പ്രൗക്ഷൻ
പുരുഷം ജാതമഗ്രതഃ
തേന ദേവാ അയജന്ത
സാദ്ധ്യാ ഋഷയശ്ച യേ

പദച്ഛേദഃ തം യജ്ഞം ബർഹിഷി പ്രൌക്ഷൻ പുരുഷം ജാതം അഗ്രതഃ തേന ദേവാഃ അയജന്ത സാദ്ധ്യാഃ ഋഷയഃ ച യേ

അർത്ഥഃ അഗ്രത : = ആദ്യമായി, ജാതം= ജനിച്ച, തം പുരുഷം = ആ പുരുഷനെ, യജ്ഞം = യാഗത്തെ, ബർഹിഷി = ദർഭപ്പുല്ലിൽ (യാഗ ഹോമാദികൾക്ക് ഉപയോഗിക്കുന്ന പവിത്രമായ ഒരു പുല്ല്) എന്നപോലെ

പ്രൌക്ഷൻ = പ്രോക്ഷണം ചെയ്തു. സാദ്ധ്യാഃ = സാദ്ധ്യ ന്മാരും (ഒരു പുരാതന ദേവവർഗ്ഗം), ഋഷയഃ = ഋഷികളും, ദേവാഃച= ദേവന്മാരും ആയ, യേ = ഏതൊരുവരാണോ ഉള്ളത് അവർ, തേന = അവനെ ഉപയോഗിച്ച്, അയജന്ത = യാഗം അനുഷ്ഠിച്ചു.

तस्माद्यज्ञात्सर्वहुतः
संभृतं पृषदाज्यम्
पशूंस्तांश्चक्रे वायव्यान्
आरण्यान् ग्राम्याश्च ये।। ९।।

തസ്മാദ്യജ്ഞാത്സർവഹുതഃ
സംഭൃതം പൃഷദാജ്യം
പശൂസ്താംശ്ചക്രേ വായവ്യാൻ
ആരണ്യാൻ ഗ്രാമ്യാശ്ച യേ

പദച്ഛേദഃ തസ്മാത് യജ്ഞാത് സർവഹുതഃ സംഭൃതം പൃഷത് ആജ്യം പശൂൻ താൻ ചക്രേ വായവ്യാൻ ആരണ്യാൻ ഗ്രാമ്യാഃ ച യേ.

അർത്ഥം: സർവഹുതഃ = എല്ലാം ഹോമിച്ച് ചെയ്യപ്പെട്ട, തസ്മാത് = ആ, യജ്ഞാത് = യാഗത്തിൽനിന്നും, പൃഷത് = കട്ട പിടിച്ച, ആജ്യം = നെയ്യ്, സംഭൃതം = വേർതിരിച്ച് എടുക്കപ്പെട്ടു. (അത് ഉപയോഗിച്ച്) വായവ്യാൻ പശൂൻ= അന്തരിക്ഷത്തിൽ വാഴുന്ന മൃഗങ്ങളേയും, ആരണ്യാൻ = കാട്ടിൽ ജീവിക്കുന്ന മൃഗങ്ങളെയും, യേ ഗ്രാമ്യാഃ = ഗ്രാമങ്ങളിൽ വാഴുന്നവയായി ഏതൊരു മൃഗങ്ങളുണ്ടോ, താൻ = അവയേയും, ചക്രേ = നിർമ്മിച്ചു.

तस्माद्यज्ञात्सर्वहुतः
ऋचः सामानि जज्ञिरे।
छन्दांसि जज्ञिरे तस्माद्
यजुस्तस्मादजायत।। १०।।

തസ്മാദ്യജ്ഞാത് സർവ്വഹുതഃ
ഋചഃസാമാനി ജജ്ഞിരേ
ഛന്ദാഗ്ംസി ജജ്ഞിരേ തസ്മാത്
യജ്ജുസ്തസ്മാദജ്ജായത

പദച്ഛേദഃ: തസ്മാത് യജ്ഞാത് സർവഹുതഃ ഋച : സാമാനി ജജ്ഞിരേ ഛന്ദാംസി ജജ്ഞിരേ തസ്മാത് യജ്ജുഃ തസ്മാത് അജ്ജായത.

അർത്ഥം: സർവഹുതഃ = സർവം ഹോമിച്ച് നിർവഹിക്കപ്പെട്ട, തസ്മാത് = ആ, യജ്ഞാത്,= യജ്ഞത്തിൽനിന്നും, ഋചഃ = ഋക്കുകളും സാമാനി = സാമങ്ങളും ജജ്ഞിരേ = ഉണ്ടായി തസ്മാത് = അതിൽനിന്ന്, ഛന്ദാംസി = എല്ലാ ഛന്ദസ്സുകളും (കവിതകളും ശ്ലോകങ്ങളും രചിക്കപ്പെടാൻ അടിസ്ഥാനങ്ങളായ വൃത്തങ്ങളും) ജജ്ഞിരേ = ഉണ്ടായി, തസ്മാത് = അതിൽനിന്നും, യജ്ജുഃ = യജ്ജുർ വേദവും, അജ്ജായത = ഉണ്ടായി.

तस्मादश्वा अजायन्त
ये केचोभयादतः।
गावो ह जज्ञिरे तस्मात्
तस्माज्जाता अजावयः।। ११।।

തസ്മാദശ്വാ അജ്ജായന്ത
യേ കേചോഭയാദതഃ
ഗാവോ ഹ ജ്ജിരേ തസ്മാത്
തസ്മാജ്ജാതാ അജ്ജാവയഃ

പദച്ഛേദഃ തസ്മാത് അശ്വാഃ അജ്ജായന്ത യേ കേ ച ഉഭയാദതഃ ഗാവഃ ഹ ജ്ജിരേ തസ്മാത് തസ്മാത് ജ്ജാതാഃ അജ്ജാവയഃ

അർത്ഥഃ തസ്മാത് = അതിൽനിന്നും, അശ്വാ : = കുതിരകൾ, അജ്ജായന്ത = ജനിച്ചു, യേ കേ ച = ഏതൊരു, ഉഭയാദതഃ = രണ്ടുവരിപ്പല്ലുകളുള്ളവയായ ജീവികൾ ഉണ്ടോ അവയെല്ലാം, അജ്ജായന്ത = അതിൽനിന്നും ജനിച്ചു, തസ്മാത്= അതിൽനിന്നും, ഗാവ : = പശുക്കൾ, ജ്ജിരേ = ഉണ്ടായി, തസ്മാത് = അതിൽ നിന്നും, അജ്ജാവയ ; = ആടുകളും ചെമ്മരിയാടുകളും, ജ്ജാതാഃ = ജനിച്ചു.

यत्पुरुषं व्यदधुः
कतिधा व्यकल्पयन्
मुखं किमस्य कौ बाहू
कावूरू पादा उच्येते।।१२।।

യത് പുരുഷം വ്യദധുഃ
കതിധാ വ്യകല്പയൻ
മുഖങ് കിമസ്യ കൗ ബാഹൂ
കാവൂരൂ പാദാവുച്യേതേ

പദച്ഛേദഃ യത് പുരുഷം വ്യദധുഃ കതിധാ വ്യകല്പയൻ മുഖം കിം അസ്യ കൌ ബാഹൂ കൌ ഊരൂ പാദൌ ഉച്യേതേ.

അർത്ഥം: യത് = ഏതൊരു, പുരുഷം = പുരുഷനെ, വ്യദധുഃ = വിഭജിച്ചുവോ (അവനെ) കതിധാ = എത്ര ഭാഗങ്ങളായി, വ്യകല്പയൻ = കല്പിച്ചു അസ്യ = അവൻെറ, മുഖം = മുഖം, കിം = ഏതായി, അസ്യ = അവൻെറ, ബാഹൂ = രണ്ടുകൈകളും, കൌ = ഏവയായി, ഊരൂ = രണ്ടു തുടകൾ, കൌ = ഏവയായിരുന്നു, (ഏവയായി) പാദൌ = അവൻെറ രണ്ടു കാലുകളുമെന്ന്, ഉച്യേതേ = പറയപ്പെടുന്നു?

ब्राह्मणोऽस्य मुखमासीत्
बाहू राजन्यः कृतः।
ऊरू तदस्य यद्वैश्यः
पद्भ्यां शूद्रो अजायत।।१३।।

ബ്രാഹ്മണോ ഽസ്യ മുഖമാസീത്
ബാഹൂ രാജന്യഃ കൃതഃ
ഊരൂ തദസ്യ യദ്വൈശ്യഃ
പദ്ഭ്യാം ശൂദ്രോ അജായത

പദച്ഛേദഃ ബ്രാഹ്മണഃ അസ്യ മുഖം ആസീത് ബാഹൂ രാജന്യഃ കൃതഃ ഊരൂ തത് അസ്യ യത് വൈശ്യഃ പദ്ഭ്യാം ശൂദ്രഃ അജായത

അർത്ഥം: അസ്യ = അവൻെറ, മുഖം = വായ്, ബ്രാഹ്മണഃ = ബ്രാഹ്മണൻ, ആസീത് = ആയിരുന്നു, ബാഹൂ = രണ്ടു കൈകളും, രാജന്യഃ = ക്ഷത്രിയർ, കൃതഃ = ആക്കി ചെയ്യപ്പെട്ടു, അസ്യ = അവൻെറ, യത് = ഏതൊരു, ഊരൂ = രണ്ടുതുടകളുണ്ടോ, തത് = അവ, വൈശ്യഃ =

വൈശ്യൻ ആയി, പദ്ഭ്യാം = അവൻെറ രണ്ടു കാലുകളിൽ നിന്നും, ശൂദ്രഃ = ശൂദ്രൻ, അജായത = ഉണ്ടായി.

चन्द्रमा मनसो जात-
श्चक्षोः सूर्यो अजायत।
मुखादिन्द्रश्चाग्निश्च
प्राणाद्वायुरजायत।।१४।।

ചന്ദ്രമാ മനസോ ജാതശ്-
ചക്ഷോഃ സൂര്യോ അജ്ജായത
മുഖാദിന്ദ്രശ്ചാഗ്നിശ്ച
പ്രാണാദ് വായുരജ്ജായത

പദച്ഛേദഃ ചന്ദ്രമാഃ മനസഃ ജാതഃ ചക്ഷോഃ സൂര്യഃ അജ്ജായത മുഖാത് ഇന്ദ്രഃ ച അഗ്നിഃ ച പ്രാണാത് വായുഃ അജ്ജായത.

അർത്ഥഃ ചന്ദ്രമാഃ = ചന്ദ്രൻ, (അവൻെറ) മനസഃ= മനസ്സിൽനിന്നും ജാതഃ=ജനിച്ചു, സൂര്യഃ = സൂര്യൻ, ചക്ഷോഃ = കണ്ണിൽ നിന്നും, അജ്ജായത = ഉണ്ടായി, മുഖാത് = അവൻെറ വായിൽനിന്നും, ഇന്ദ്രഃ ച = ഇന്ദ്രനും, അഗ്നിഃ ച= അഗ്നിയും ഉണ്ടായി, പ്രാണാത് = അവൻെറ പ്രാണനിൽ നിന്നും, വായു; = വായു (കാറ്റ്) അജ്ജായത = ഉണ്ടായി.

नाभ्या आसीदन्तरिक्षं
शीर्ष्णो द्यौः समवर्तत।
पद्भ्यां भूमिर्दिशः श्रोत्रात्
तथा लोकाँ अकल्पयन्।।१५।।

നാഭ്യാ ആസീദന്തരിക്ഷം
ശീർഷ്ണോ ദ്യൗഃ സമവർത്തത

പദ്ഭ്യാം ഭൂമിർദിശഃ ശ്രോത്രാത്
തഥാ ലോകാങ് അകല്പയൻ

പദച്ഛേദഃ നാഭ്യാഃ ആസീത് അന്തരിക്ഷം, ശീർഷ്ണഃ ദ്യൌഃ സമവർത്തത പദ്ഭ്യാം ഭൂമിഃ ദിശഃ ശ്രോത്രാത് തഥാ ലോകാൻ അകല്പയൻ.

അർത്ഥഃ അന്തരിക്ഷം = അന്തരിക്ഷ ലോകം (ഭൂമിക്കും സ്വർഗത്തിനും ഇടയ്ക്കുള്ള ലോകം) നാഭ്യാഃ = അവന്റെ വയറിൽ നിന്നും, ആസീത് = ഉണ്ടായി, ദ്യൌഃ = സ്വർഗ ലോകം, ശീർഷ്ണഃ = അവന്റെ തലയിൽ നിന്നും, സമവർത്തത=ഉണ്ടായി വന്നു, ഭൂമി= ഭൂലോകം, പദ്ഭ്യാം = അവന്റെ കാലുകളിൽ നിന്നും, ദിശഃ = കിഴക്ക്, പടിഞ്ഞാറ് തുടങ്ങിയ ദിക്കുകൾ, ശ്രോത്രാത് = അവന്റെ ചെവിയിൽനിന്നും ഉണ്ടായി, തഥാ = അപ്രകാരം, ലോകാൻ = എല്ലാ ലോകങ്ങളേയും, അകല്പയൻ = സൃഷ്ട്യാദിയിൽ കല്പിച്ചു.

वेदाहमेतं पुरुषं महान्तम्
आदित्यवर्णं तमसस्तु पारे ।
सर्वाणि रूपाणि विचित्य धीरः
नामानि कृत्वाभिवदन् यदास्ते ।।१६ ।।

വേദാഹമേതം പുരുഷം മഹാന്തം
ആദിത്യവർണ്ണം തമസസ്തു പാരേ
സർവ്വാണി രൂപാണി വിചിത്യ ധീരഃ
നാമാനി കൃത്വാഭിവദൻ യദാസ്തേ

പദച്ഛേദഃ വേദ അഹം ഏതം പുരുഷം മഹാന്തം ആദിത്യവർണം തമസഃ തു പാരേ സർവാണി രൂപാണി വിചിത്യ ധീരഃ നാമാനി കൃത്വാ അഭിവദൻ യത് ആസ്തേ.

അർത്ഥം: അഹം = ഞാൻ, മഹാന്തം = മഹാത്മാവും, ആദിത്യ വർണ്ണം = സൂര്യവർണ്ണം പേറുന്നവനും, തമസഃ= ഇരുട്ടിൽ നിന്നും, പാരേ = വളരെ ദൂരെ (അറിവില്ലായ്മ ആകുന്ന ഇരുട്ടിൽ നിന്നും വളരെ അകലെ) വർത്തിക്കുന്നവനും, ആയ, ഏതം പുരുഷം = ഈ പുരുഷനെ, വേദ = അറിയുന്നു, ധീരഃ = ധീരനായ അവൻ, സർവാണി = സമസ്ത, രൂപാണി = രൂപങ്ങളേയും, വിചിത്യ = വേർതിരിച്ച് കല്പിച്ച് (സ്വന്തം മായയാൽ ബഹിഃ പ്രകാശിപ്പിച്ച്), നാമാനി = അവയ്ക്ക് പേരുകളെ, കൃത്വാ = കല്പിച്ച്, യദ് അഭിവദൻ = ആ പേരുകളാൽ അവയെ സംബോധന ചെയ്തുകൊണ്ട്, ആസ്തേ = ഇന്നും ശാശ്വതനായി വർത്തിക്കുന്നു.

सृष्टिसूक्तम्

സൃഷ്ടി സൂക്തം

नासदासीन्नो सदासीत्तदानीं
नासीद्रजो नो व्योमा परो यत् ।
किमावरीवः कुह कस्य शर्मन्
अम्भः किमासीद् गहनं गभीरम् ।।१।।

നാസദാസീന്നോ സദാസീത്തദാനീം
നാസീദ്രജ്ഞോ നോ വ്യോമാ പരോ യത്
കിമാവരീവ: കുഹ കസ്യ ശർമൻ
അംഭഃ കിമാസീദ് ഗഹനം ഗഭീരം

പദച്ഛേദഃ ന അസത് ആസീത് നോ സത് ആസീത് തദാനീം ന ആസീത് രജ്ഞഃ നോ വ്യോമ പര : യത് കിം ആവരീവ: കുഹ കസ്യ ശർമൻ അംഭഃ കിം ആസീത് ഗഹനം ഗഭീരം.

അർത്ഥഃ തദാനീം = അപ്പോൾ (സൃഷ്ടിക്കു മുമ്പ്), അതായത് പ്രളയ ദശയിൽ വർത്തിച്ചിരുന്നതും ഈ ലോകത്തിന്റെ മൂലകാരണമായിട്ടുള്ളതും ഏതാണോ അത്, അസത് = മുയൽക്കൊമ്പു പോലെ ഇല്ലെന്നുള്ള അവസ്ഥയിൽ,

ന ആസീത് = ഇല്ലായിരുന്നു. അതുപോലെ, നോ സത് = ഉണ്ടെന്നുള്ള വ്യവഹാരത്തിന് വിധേയമാകത്തക്കതും അല്ലായിരുന്നു.

ഭൂമി മുതലായവയ്ക്ക് പാരമാർത്ഥിക ദശയിൽ ഇല്ലെന്നുള്ള അവസ്ഥ ഉണ്ടെങ്കിലും വ്യാവഹാരിക ദശയിൽ ഉണ്ടെന്നുള്ള അവസ്ഥ ഉണ്ടെന്നിരിക്കേ എങ്ങിനെ സദവസ്ഥയെ നിഷേധിച്ചു എന്നു ചോദിച്ചാൽ പറയുന്നു, രജഃ = ലോകങ്ങൾ, ന ആസീത് = അപ്പോൾ ഇല്ലായിരുന്നു. (ലോകാ രജാംസി ഉച്യന്തേ- ലോകങ്ങൾക്ക് രജസ്സെന്ന് പേർ - യാസ്കനിരുക്തം 4-19). അതുപോലെ തന്നെ വ്യോമ = അന്തരിക്ഷം, നോ = ഇല്ലായിരുന്നു. ഇത് പറയുന്നതോടുകൂടി ഭൂമിയും അതിനു കീഴ്പോട്ടുള്ള പാതാളാദി ലോകങ്ങളും ഇല്ലായിരുന്നു എന്നർത്ഥം കിട്ടുന്നു. പരഃ = അന്തരിക്ഷത്തിനുമുകളിൽ സ്വർഗംതൊട്ടു സത്യലോകം വരെയുള്ള ഏതൊരു ലോകങ്ങൾ ഉണ്ടോ, തദ്അപി = അവയും, ന ആസീത് = ഇല്ലായിരുന്നു. അങ്ങനെ 14 ഭുവനങ്ങളെ ഉൾക്കൊള്ളുന്ന ഈ ബ്രഹ്മാണ്ഡം അന്ന് ഇല്ലായിരുന്നു. കിം =ആവരണം ചെയ്യേണ്ടുന്ന ഏതൊന്ന് ആവരീവ : = ഏതൊന്നിനെ പൊതിയും ? ആവരണം ചെയ്യപ്പെടേണ്ടതൊന്നും ഇല്ലാതിരുന്നതിനാൽ ആവരകവും ഇല്ലായിരുന്നു. കുഹ = എവിടെ (ആവരകം എവിടെ നിന്നുകൊണ്ട് ഒന്നിനെ ആവരണം ചെയ്യാൻ? ഒന്നും ഇല്ലാതിരുന്നുവല്ലോ.) കസ്യ = ആരുടെ, ശർമൻ = നന്മക്കായി (ഭോക്താവാകുന്ന ജീവന്റെ സുഖ ദുഃഖ സാക്ഷാത്കാരമാകുന്ന ഭോഗത്തിനുവേണ്ടിയാണല്ലോ ഈ ആവരണം ഉണ്ടായിരിക്കുന്നത്. അങ്ങനെ ഭോക്താവായ ജീവനും ഇല്ലാതിരുന്നതിനാൽ ആവരണത്തിനും കാര്യമില്ലാതായി എന്നർത്ഥം. ഇത് പറയുന്നത് മൂലം ഭോക്തൃപ്രപഞ്ചവും

(ജീവലോകവും) ഭോഗ്യപ്രപഞ്ചവും (ജീവരാശികളുടെ അനുഭവത്തിനായി ഉണ്ടായിരിക്കുന്ന പഞ്ചഭൂതാത്മക മായ ലോകവും) അപ്പോൾ ഇല്ലായിരുന്നു എന്നു വ്യക്ത മാകുന്നു. ഗഹനം = എളുപ്പം കടന്നു ചെല്ലാൻ കഴിയാ ത്തതും, ഗഭീരം = വളരെ ആഴമേറിയതുമായ, അംഭഃ = ജലം, കിം ആസീത് = ഉണ്ടായിരുന്നുവോ? (ഇല്ല, അതും ഇല്ലായിരുന്നു).

न मृत्युरासीदमृतं न तर्हि
न रात्र्या अह्न आसीत्प्रकेतः।
आनीदवातं स्वधया तदेकं
तस्माद्धान्यन्न परः किं चनास।।२।।

ന മൃത്യുരാസീദമൃതം ന തർഹി
ന രാത്ര്യാ അഹ്ന ആസീത്പ്രകേതഃ
ആനീദവാതം സ്വധയാ തദേകം
തസ്മാദ്ധാന്യന്ന പരഃ കിം ചനാസ

പദച്ഛേദഃ ന മൃത്യു : ആസീത് അമൃതം ന തർഹി ന രാത്ര്യാഃ അഹ്നഃ ആസീത് പ്രകേതഃ ആനീത് അവാതം സ്വധയാ തത് ഏകം തസ്മാത് ഹ അന്യത് ന പരഃ കിം ചന ആസ.

അർത്ഥഃ സംഹാരം ഉണ്ടാകണമെങ്കിൽ സംഹരിക്കുന്ന ഒരാൾ ഉണ്ടാകണം സംഹർത്താവായ മൃത്യു (മരണം) ഉണ്ടാ യിരുന്നുവോ എന്നു ചോദിച്ചാൽ പറയുന്നു, മൃത്യുഃ = മരണം, ന ആസീത് = ഇല്ലായിരുന്നു, മരണം ഇല്ലെ ങ്കിൽ മരണാഭാവം കൊണ്ടുണ്ടാകുന്ന അമരണാവസ്ഥ (പ്രാണികളുടെ നിലനില്പ്) ഉണ്ടായിരുന്നുവോ എന്നാ ണെങ്കിൽ, തർഹി = ആ സമയത്ത്, അമൃതം ന = അമരണ വും ഇല്ലായിരുന്നു. രാത്ര്യാഃ = രാത്രിയുടേയും, അഹ്നശ്ച

= പകലിന്റെയും, പ്രകേതഃ = അറിവ് (പരിജ്ഞാനം), ന ആസീത് = ഇല്ലായിരുന്നു (അതിനുകാരണക്കാരായ സൂര്യനും ചന്ദ്രനും ഇല്ലാത്തതിനാൽ), തത് = സകല വേദാന്തങ്ങളിലും പ്രസിദ്ധമായ ആ ബ്രഹ്മതത്ത്വം, ഏകം = ഒന്നുമാത്രം അവാതം = പ്രാണവായു ഇല്ലാതെ തന്നെ, സ്വധയാ = മായകൊണ്ട്, ആനീത് = ശ്വസിച്ചു. തസ്മാത് ഹ = അതിൽ നിന്നും (മായാസഹിതമായ ആ ബ്രഹ്മത്തിൽ നിന്നും) അന്യത് = ഭിന്നമായി, കിഞ്ചന = ഒന്നും തന്നെ, ന ആസ = ഇല്ലായിരുന്നു, പരഃ = സൃഷ്ടിക്കുശേഷം ദൃശ്യമാനമാകുന്ന ഈ പ്രപഞ്ചവും, ന = അപ്പോൾ ഇല്ലായിരുന്നു.

तम आसीत्तमसा गूल्हमग्रे
f प्रकेतं सलिलं सर्वमा इदम् ।
तुच्छ्येनाभ्वपिहितं यदासीत्
तपसस्तन्महिनाजायतैकम् ।।३ ।।

തമ ആസീത്തമസാ ഗൂള്ഹമഗ്രേ
f പ്രകേതം സലിലം സർവമാ ഇദം
തുച്ഛ്യേനാഭ്വപിഹിതം യദാസീത്
തപസസ്തൻമഹിനാജ്ജായതൈകം

പദച്ഛേദഃ തമഃ ആസീത് തമസാ ഗൂള്ഹം അഗ്രേ അപ്രകേതം സലിലം സർവം ആ ഇദം തുച്ഛ്യേന ആഭു അപിഹിതം യത് ആസീത് തപസഃ തത് മഹിനാ അജായത ഏകം.

അർത്ഥഃ അഗ്രേ = സൃഷ്ടിക്കുമുമ്പ് പ്രളയ ദശയിൽ ഭൂതഭൌതികമായ സർവലോകവും, തമസാ = തമസിനാൽ (അവിദ്യയാകുന്ന മായയാൽ) ഗൂള്ഹം = മറയ്ക്കപ്പെട്ടിരുന്നു, കാരണമാകുന്ന തമസിൽ കാര്യമാകുന്ന ജഗത്ത് ഉണ്ടായിരുന്നുവെങ്കിൽ "ന ആസീദ് രജ": (ലോകങ്ങൾ ഇല്ലായി

രുന്നു) എന്ന് നേരത്തെ എങ്ങനെ പറഞ്ഞുവെന്നാണെങ്കിൽ, തമഃ = ഭാവരൂപമായ അജ്ഞാനമാകുന്ന മൂല കാരണം, അപ്രകേതം = അറിയപ്പെടാത്തതായിരുന്നു. ഇദം = കാണപ്പെടുന്ന ഈ, സർവം = സർവലോകങ്ങളും, സലിലം = കാരണവുമായി ലയിച്ച് (സലിലം ഇവ = പാലിൽ ജലം വേർതിരിച്ചു കാണാൻ കഴിയാത്ത വിധം ചേർന്നിരിക്കും പോലെ) ആഃ = വർത്തിച്ചു. ആഭു = വ്യാപകമായിരിക്കുന്ന സർവവും, തുച്ഛേ്യന = സദസദവസ്ഥകളില്ലാതെ തുച്ഛമായി, ഭാവരൂപമായ അജ്ഞാനത്താൽ, അപിഹിതം = മൂടപ്പെട്ടിരുന്നു, ഏകം = കാരണമായ തമസിൽ ഏകീഭവിച്ച ഈ കാര്യലോകം, തപസഃ = സൃഷ്ടിയെക്കുറിച്ചുള്ള ആലോചനാത്മകമായ ഒന്നിൻെറ, മഹിമ്നാ = മാഹാത്മ്യം കൊണ്ട്, അജായത = ഉണ്ടായിവന്നു.

कामस्तदग्रे समवर्तताधि
मनसो रेतः प्रथमं यदासीत्।
सतो बन्धुमसति निरविन्दन्
हृदि प्रतीष्या कवयो मनीषा।।४।।

കാമസ്തദഗ്രേ സമവർത്തതാധി
മനസോ രേതഃ പ്രഥമം യദാസീത്
സതോ ബന്ധുമസതി നിരവിന്ദൻ
ഹൃദി പ്രതീഷ്യാ കവയോ മനീഷാ

പദച്ഛേദഃ കാമഃ തത് അഗ്രേ സമവർത്തത അധി മനസഃ രേതഃ പ്രഥമം യത് ആസീത് സതഃ ബന്ധും അസതി നിരവിന്ദൻ ഹൃദി പ്രതീഷ്യ കവയ : മനീഷാ

അർത്ഥഃ അഗ്രേ = സൃഷ്ടിക്കുമുമ്പ് പരമേശ്വരൻെറ മനസ്സിൽ, കാമഃ = ഇച്ഛ (സൃഷ്ടിക്കുവാനുള്ള ആഗ്രഹം) സമവർത്തത

= ഉണ്ടായി, യത്= ഏതൊന്നാണോ മനസഃ = അന്തഃ കരണത്തിൽ നിന്നും ഉണ്ടായ, പ്രഥമം = ആദ്യത്തെ, രേതഃ = ഭാവിപ്രപഞ്ചത്തിൻെറ ബീജം (കഴിഞ്ഞ കല്പത്തിൽ പ്രാണികൾ അനുഷ്ഠിച്ച പുണ്യകർമ്മം ആയിരുന്നു അത്). സതഃ = ഉള്ളതായി ഇപ്പോൾ അനുഭവപ്പെടുന്ന സർവ ലോകങ്ങളുടേയും, ബന്ധും = ബന്ധനത്തിന് കാരണമായിട്ടുള്ള കർമ്മ സമൂഹത്തെ, കവയഃ = കഴിഞ്ഞതും വരാൻ പോകുന്നതും ഇപ്പോൾ ഉള്ളതുമായ എല്ലാറ്റിനെക്കുറിച്ചും അറിയുന്നവരായ യോഗിവര്യൻമാർ, ഹൃദി = ഹൃദയത്തിൽ, നിരുദ്ധയാ = നിരോധിക്കപ്പെട്ട, മനീഷാ = ബുദ്ധിയാൽ , പ്രതീഷ്യ = വിചാരിച്ച്, അസതി = സത്തിൽ നിന്നും ഭിന്നമായ അസത്തിൽ (ഇല്ലെന്നുള്ള അവസ്ഥയാകുന്ന കാരണത്തിൽ) നിരവിന്ദൻ= വേർതിരിച്ച് കണ്ടറിഞ്ഞു.

तिरश्चीनो विततो रश्मिरेषाम्
अधस्स्विदासीदुपरि स्विदासीत्।
रेतोधा आसन्महिमान आसन्
स्वधा अवस्तात्प्रयतिः परस्तात्।।५।।

തിരശ്ചീനോ വിതതോ രശ്മിരേഷാം
അധസ്സ്വിദാസീദുപരി സ്വിദാസീത്
രേതോധാ ആസൻ മഹിമാന ആസൻ
സ്വധാ അവസ്താത് പ്രയതിഃ പരസ്താത്

പദച്ഛേദഃ തിരശ്ചീനഃ, വിതതഃ, രശ്മിഃ, ഏഷാം, അധഃ, സ്വിത്, ആസീത്, ഉപരി, സ്വിത്, ആസീത്, രേതഃ ധാഃ, ആസൻ, മഹിമാനഃ, ആസൻ, സ്വധാ, അവസ്താത്, പ്രയതിഃ പരസ്താത്.

അർത്ഥം: ഏഷാം = ആകാശാദി ഭൂതങ്ങളെ സൃഷ്ടിക്കുന്നവയായ അവിദ്യ, കാമം, കർമം എന്നിവയുടെ, രശ്മിഃ = കിരണം (സൂര്യരശ്മി ഉദയത്തിനു ശേഷം ക്ഷണത്തിൽ സർവത്ര വ്യാപിക്കുംപോലെ, എങ്ങും പെട്ടെന്നു പരന്നു വ്യാപിച്ച ഈ കാര്യ ലോകം) പ്രഥമതഃ = ആദ്യം ജനിച്ചപ്പോൾ, കിം തിരശ്ചീനഃ = നടുക്കു വർത്തിച്ചുകൊണ്ട്, വിതതഃ = വിസ്തൃതമായി (എങ്ങും വ്യാപിച്ചതായി) ആസീത് സ്വിത് = ഭവിച്ചുവോ, കിം വാ = അതോ, അധഃ = അടിയിലായി, ആസീത് = വർത്തിച്ചുവോ, ആഹോസ്വിത് = അതും അല്ലെങ്കിൽ, ഉപരി = ഊർദ്ധ്വഭാഗത്തായി, ആസീത് = വർത്തിച്ചുവോ. ഇങ്ങനെ ഉണ്ടായി വന്നതായ കാര്യങ്ങളിൽ ചില ഭാവവസ്തുക്കൾ, രേതോധാഃ = ബീജ രൂപമായ കർമ്മത്തെ ചെയ്യുന്നവരായും അനുഭവിക്കുന്ന വരായും ഉള്ള ജീവൻമാരായി, ആസൻ = വർത്തിച്ചു, മറ്റു ചില ഭാവവസ്തുക്കൾ, മഹിമാന : = മഹത്ത്വമുള്ള ആകാശാദികളെന്ന ഭോഗ്യവസ്തുക്കളായി ഭവിച്ചു. ഇങ്ങനെ മായാസഹിതനായ പരമേശ്വരൻ ലോകം മുഴുവനും സൃഷ്ടിക്കുകയും സ്വയം അതിൽ ഉൾപുക്ക് ഭോക്താവ്, ഭോഗ്യം എന്ന് അതിനെ വിഭജിക്കുകയും ചെയ്തു എന്നർത്ഥം. അവയിൽ, സ്വധാ = ഭോഗ്യ പ്രപഞ്ചം (ആകാശാദികൾ) അവസ്താത്= സ്ഥാനത്തിൽ കുറഞ്ഞതും, പ്രയതിഃ= ഭോക്തൃ പ്രപഞ്ചം (അനുഭവി ക്കുന്നവർ) പരസ്താത് = ഉത്കൃഷ്ടൻമാരും ആയിരുന്നു.

को अद्धा वेद क इह प्र वोचत्
कुत आजाता कुत इयं विसृष्टिः।
अर्वाग्देवा अस्य विसर्जनेना-
था को वेद यत आबभूव।।६।।

കോ അദ്ധാ വേദ ക ഇഹ പ്ര വോചത്
കുത ആജ്ജാതാ കുത ഇയം വിസൃഷ്ടിഃ
അർവാഗ്ദേവാ അസ്യ വിസർജ്ജനേനാ-
ഥാ കോ വേദ യത ആബഭൂവ

പദച്ഛേദഃ കഃ അദ്ധാ വേദ കഃ ഇഹ പ്രവോചത് കുതഃ ആജ്ജാതാ കുതഃ ഇയം വിസൃഷ്ടിഃ അർവാക് ദേവാഃ അസ്യ വിസർജ്ജനേന അഥ കഃ വേദ യതഃ ആബഭൂവ.

അർത്ഥഃ ഇയം = ഈ, വിസൃഷ്ടിഃ = ഭൂതഭൌതികഭോക്തൃഭോഗ്യാദിരൂപത്തിൽ ബഹുവിധമായി കാണപ്പെടുന്ന സൃഷ്ടി, കുതഃ = ഏത് അടിസ്ഥാനകാരണത്തിൽ നിന്നും, കുതഃ= ഏതിനെ നിമിത്തമായിക്കൊണ്ട്, ആജ്ജാതാ = ഉണ്ടായി, (ഈ രണ്ടു കാര്യവും) കഃ = ഏതൊരു പുരുഷൻ, അദ്ധാ = പരമാർത്ഥമായി, വേദ = അറിയുന്നു, കോ വാ = ഏതൊരുവൻ, ഇഹ = ഈ ലോകത്ത്, പ്രവോചത് = വിസ്തരിച്ച് പറഞ്ഞുതരും, ദേവാഃ = ദേവൻമാരും, അസ്യ = ഈ ലോകത്തിൻെറ, വിസർജ്ജനേന = സൃഷ്ടി കാരണമായി (ആകാശാദി ഭൂതങ്ങളുടെ സൃഷ്ടിക്കുശേഷം അനേകം ഭൌതിക സൃഷ്ടി നടന്നു. അതിനു ശേഷം ഉണ്ടായ കാരണത്താൽ) അർവാക് = നൂതനൻമാരായി ചെയ്യപ്പെട്ടു. (ഭൂതസൃഷ്ടിക്കു ശേഷമായിരുന്നു ദേവസൃഷ്ടി എന്നർത്ഥം) അഥ = അങ്ങനെയിരിക്കെ, (ദേവൻമാർക്കും തങ്ങൾക്കു മുമ്പുണ്ടായ ആ സൃഷ്ടിയെക്കുറിച്ച് അറിയാൻ കഴിയുന്നില്ല എന്നിരിക്കേ) കഃ = ഏതു മനുഷ്യൻ, യതഃ = ഏതിൽ നിന്നും, (ഈ ലോകം മുഴുവനും) ആബഭൂവ = ഉണ്ടായി എന്ന കാര്യം വേദ = അറിയും?

इयं विसृष्टिर्यत आबभूव
यदि वा दधे यदि वा न।

यो अस्याध्यक्षः परमे व्योमन्
सो अङ्ग वेद यदि वा न वेद ।।७।।

ഇയം വിസൃഷ്ടിർയത ആബഭൂവ
യദി വാ ദധേ യദി വാ ന
യോ അസ്യാദ്ധ്യക്ഷഃ പരമേ വ്യോമൻ
സോ അങ്ഗ വേദ യദി വാ ന വേദ

പദച്ഛേദഃ ഇയം വിസൃഷ്ടിഃ യതഃ ആബഭൂവ യദി വാ ദധേ യദി വാ ന യഃ അസ്യ അദ്ധ്യക്ഷഃ പരമേ വ്യോമൻ സഃ അങ്ഗ വേദ യദി വാ ന വേദ.

സൃഷ്ടിക്കപ്പെട്ട ഈ ലോകം ദുർജ്ഞേയമായിരിക്കും പോലെ തന്നെ ഇതിനെ ധരിക്കുന്നതും എളുപ്പമല്ല എന്നു പറയുന്ന സൂക്തം.

യതഃ = ആശ്രയഭൂതനായ ഏതൊരു പരമാത്മാവിൽ നിന്നും, ഇയം = ഈ, വിസൃഷ്ടിഃ = പർവതനദീസമുദ്രാദിരൂപത്തിൽ വിചിത്രമായി തോന്നുന്ന സൃഷ്ടി, ആബഭൂവ = ഉണ്ടായോ, സഃ = അവൻ (ആ സർവേശ്വരൻ) യദി വാ ദധേ = ഇതിനെ ധരിക്കുന്നുവോ, യദി വാ ന = ധരിക്കുന്നില്ലയോ (അവനല്ലാതെ വേറെ ആർക്ക് ഇതിനെ താങ്ങാൻ സാധിക്കും, ഈശ്വരൻ തന്നെയാണ് ധരിക്കുന്നത്, വേറെ ആരുമല്ല). അസ്യ = ഭൂതഭൌതികാത്മകമായ ഈ ജഗത്തിൻെറ, യഃ അധ്യക്ഷഃ = ഏതൊരു അധ്യക്ഷനായ ഈശ്വരൻ ഉണ്ടോ, പരമേ = ഉത്കൃഷ്ടമായ - സത്യഭൂതമായ, വ്യോമൻ = ആകാശത്തിൽ സ്വപ്രകാശരൂപത്തിൽ പ്രതിഷ്ഠിതനായ, സോഽങ്ഗ = അവൻ തന്നെ, വേദ = അറിയുന്നു, യദി വാ ന വേദ = അല്ല അറിയുന്നില്ലയോ ? (വേറെ ആർക്കിതു അറിയാൻ കഴിയും? സർവജ്ഞനായ ഈശ്വരൻ മാത്രമേ ആ സൃഷ്ടിയെക്കുറിച്ച് അറിയുന്നുള്ളൂ, വേറെ ആരും അറിയുന്നില്ല എന്നർത്ഥം).

विष्णु सूक्तम्

വിഷ്ണു സൂക്തം

विष्णोर्नुकं वीर्याणि प्र वोचं
यः पार्थिवानि विममे रजांसि ।
यो अस्कभायदुत्तरं सधस्थं
विचक्रमाणस्त्रेधोरुगायः ।।१।।

വിഷ്ണോർനുകം വീര്യാണി പ്ര വോചം
യഃ പാർഥിവാനി വിമമേ രജാംസി
യോ അസ്കഭായദുത്തരം സധസ്ഥം
വിചക്രമാണസ്ത്രേധോരുഗായഃ

പദച്ഛേദഃ വിഷ്ണോ : നുകം വീര്യാണി പ്ര വോചം യഃ പാർഥിവാനി വിമമേ രജാംസി യഃ അസ്കഭായത് ഉത്തരം സധസ്ഥം വി ചക്രമാണഃ ത്രേധാ ഉരുഗായഃ

അർത്ഥഃ യഃ = ഏതൊരുവിഷ്ണു, പാർത്ഥിവാനി = ഭൂമിയെ ആസ്പദമാക്കി, രജാംസി = ലോകങ്ങളെ, (ഭൂമി അന്തരിക്ഷം, സ്വർഗം, എന്നീലോകങ്ങളെ) വിമമേ = നിർമ്മിച്ചുവോ, ത്രേധാ= മൂന്നുവിധത്തിൽ, വിചക്രമാണഃ = ചുറ്റിക്കറങ്ങി, യഃ = ഏതൊരുവിഷ്ണു, ഉത്തരം = അത്യുത്കൃഷ്ടമായ, സധസ്ഥം = സത്യലോകത്തെ, അസ്കഭായത്

= സ്ഥിരമായി ഉറപ്പിച്ചുവോ, തസ്യവിഷ്ണോഃ = ആ വിഷ്ണുവിന്റെ, വീര്യാണി = വീരകർമ്മങ്ങളെ, നുകം = അതിവേഗം, പ്രവോചം = ഞാൻ പറയാം.

प्र तद्विष्णुः स्तवते वीर्येण
मृगो न भीमः कुचरो गिरिष्ठाः।
यस्योरुषु त्रिषु विक्रमणे-
ष्वधिक्षियन्ति भुवनानि विश्वा।।२।।

പ്ര തദ്വിഷ്ണുഃ സ്തവതേ വീര്യേണ
മൃഗോ ന ഭീമഃ കുചരോ ഗിരിഷ്ഠാഃ
യസ്യോരുഷു ത്രിഷു വിക്രമണേ-
ഷ്വധിക്ഷിയന്തി ഭുവനാനി വിശ്വാ.

പദച്ഛേദഃ പ്ര തത് വിഷ്ണുഃ സ്തവതേ വീര്യേണ മൃഗഃ ന ഭീമഃ കുചരഃ ഗിരിഷ്ഠാഃ യസ്യ ഉരുഷു ത്രിഷു വിക്രമണേഷു അധി ക്ഷിയന്തി ഭുവനാനി വിശ്വാ

അർത്ഥഃ യസ്യ = വിഷ്ണുവിന്റെ, ഉരുഷു = വിസ്തീർണങ്ങളായ, ത്രിഷു = മൂന്ന്, വിക്രമണേഷു = കാൽച്ചുവടുകളിൽ, വിശ്വാ = സമസ്ത, ഭുവനാനി = ലോകങ്ങളും ലോകവാസികളും, അധിക്ഷയന്തി = ആശ്രയം പേറി വസിക്കുന്നു, സഃ = ആ വിഷ്ണു, ഭീമഃ = ഭയത്തെ ഉണ്ടാക്കുന്നവനായി, കുചരഃ = ദുർഗമ പ്രദേശങ്ങളിലൂടെ സഞ്ചരിക്കുന്നവനും, ഗിരിഷ്ഠാഃ = പർവ്വതാദി ഉയർന്ന പ്രദേശങ്ങളിൽ നില്ക്കുന്നവനുമായ, മൃഗോ ന = സിംഹാദികളെപ്പോലെ, വീർയ്യേണ = സ്വന്തംവീര കർമ്മത്താൽ, തത് = നേരത്തെ പറഞ്ഞ രീതിയിൽ, (ആദ്യ ശ്ലോകത്തിൽ സ്തുതിച്ച രീതിയിൽ) പ്രസ്തവതേ = അതിവിശിഷ്ടമായി സ്തുതിക്കപ്പെടുന്നു.

प्र विष्णवे शूषमेतु मन्म
गिरिक्षित उरुगायाय वृष्णे ।
य इदं दीर्घं प्रयतं सधस्थम्
एको विममे त्रिभिरित्पदेभिः ।।३।।

പ്ര വിഷ്ണവേ ശൂഷമേതു മൻമ
ഗിരിക്ഷിത ഉരുഗായായ വൃഷ്ണേ
യ ഇദം ദീർഘം പ്രയതം സധസ്ഥം
ഏകോ വിമമേ ത്രിഭിരിത്പദേഭിഃ

പദച്ഛേദഃ പ്ര വിഷ്ണവേ ശൂഷം ഏതു മൻമ, ഗിരിക്ഷിതേ ഉരുഗായായ വൃഷ്ണേ യഃ ഇദം ദീർഘം പ്രയതം സധസ്ഥം ഏകഃ വിമമേ ത്രിഭിഃ ഇത് പദേഭിഃ

അർത്ഥഃ യഃ=വിഷ്ണു, ഇദം = ഈ കാണപ്പെടുന്ന, ദീർഘം = അതിവിസ്തൃതങ്ങളും, പ്രയതം = നിയമേന വർത്തിക്കുന്നവയുമായ, സധസ്ഥം = മൂന്നുലോകങ്ങളെ, ത്രിഭിഃ = മൂന്ന്, പദേഭിഃ = ചുവടുകളാൽ, വിമമേ = വിശേഷരൂപേണ അളന്നു, ഗിരിക്ഷിതേ = പർവതം പോലെ ഉയർന്ന പ്രദേശത്തിൽ നില്ക്കുന്നവനും, (വാക്കിൽ വർത്തിക്കുന്നവനുമായ), ഉരുഗായായ = വളരെ നല്ല ആളുകളാൽ സ്തുതിക്കപ്പെടുന്നവനും, വൃഷ്ണേ = കാമങ്ങളെ വർഷിക്കുന്നവനുംആയ, വിഷ്ണവേ = വിഷ്ണുവിനെ, (കർമണി ചതുർത്ഥീ = കർമാർത്ഥത്തിൽ ചതുർത്ഥി പ്രയോഗിച്ചിരിക്കുന്നു) ശൂഷം = ഞങ്ങളുടെ കർമ്മങ്ങൾ കൊണ്ടുണ്ടാകുന്ന വലിയ ബലവും, മന്മ = ഞങ്ങൾ ചെയ്യുന്ന മനനങ്ങളും സ്തോത്രങ്ങളും, ഏതു= പ്രാപിക്കട്ടെ (ലോകങ്ങളെ താങ്ങുന്നവനാണ് വിഷ്ണു. വിഷ്ണുവിന്റെ കൈകൾക്ക് ശക്തി പകരുവാനായി നമ്മൾ സത്കർമ്മങ്ങൾ ചെയ്യണമെന്ന് ശ്രുതി വാക്യം ഉണ്ട്).

यस्य त्री पूर्णा मधुना पदा-
न्यक्षीयमाणा स्वधया मदन्ति।
य उ त्रिधातु पृथिवीमुत द्याम्
एको दाधार भुवनानि विश्वा।।४।।

യസ്യ ത്രീ പൂർണാ മധുനാ പദാ-
ന്യക്ഷീയമാണാ സ്വധയാ മദന്തി
യ ഉ ത്രിധാതു പൃഥിവീമുത ദ്യാം
ഏകോ ദാധാര ഭുവനാനി വിശ്വാ

പദച്ഛേദഃ യസ്യ ത്രീ പൂർണാ മധുനാ പദാനി അക്ഷീയമാണാ സ്വധയാ മദന്തി യഃ ഉ ത്രിധാതു പൃഥിവീം ഉത ദ്യാം ഏകഃ ദാധാര ഭുവനാനി വിശ്വാ.

അർത്ഥഃ യസ്യ = ഏതൊരു വിഷ്ണുവിന്റെ, മധുനാ = മധുരവും ദിവ്യവുമായ അമൃതത്താൽ, പൂർണാ = പൂർണങ്ങളായ, ത്രീ = മൂന്ന്, പദാനി = കാൽച്ചുവടുകൾ, അക്ഷീയമാണാ = ക്ഷയിക്കാത്തവയായി, സ്വധയാ = അന്നം കൊണ്ട്, മദന്തി = (അതിനെ ആശ്രയിക്കുന്ന ജനങ്ങളെ) മദിപ്പിക്കുന്നുവോ, യഃ ഉ = ഏതോരുവൻതന്നെ, പൃഥിവീം= ഭൂമിയേയും, ദ്യാം ഉത = പ്രകാശിക്കുന്ന അന്തരീക്ഷത്തെയും, വിശ്വാ = സമസ്ത, ഭൂതാനി = ജീവജാലങ്ങളേയും, ഏകഃ = ഒരുവനായിനിന്ന് (പരസഹായം കൂടാതെ) ത്രിധാതു = ഭൂമി ജലം തേജസ്സ് എന്നീ മൂന്നു ധാതുക്കളാൽ വിശിഷ്ടമാകുമാറ്, ദാധാര = ധരിച്ചു.

तदस्य प्रियमभि पाथो अश्यां
नरो यत्र देवयवो मदन्ति।
उरुक्रमस्य स हि बन्धुरित्था
विष्णोः पदे परमे मध्व उत्सः।।५।।

തദസ്യ പ്രിയമഭി പാഥോ അശ്യാം
നരോ യത്ര ദേവയവോ മദന്തി
ഉരുക്രമസ്യ സ ഹി ബന്ധുരിത്ഥാ
വിഷ്ണോഃ പദേ പരമേ മധ്വ ഉത്സഃ

പദച്ഛേദഃ തത് അസ്യ പ്രിയം അഭി പാഥഃ അശ്യാം നരഃ യത്ര ദേവയവഃ മദന്തി ഉരുക്രമസ്യ സഃ ഹി ബന്ധുഃ ഇത്ഥാ വിഷ്ണോ : പദേ പരമേ മധ്വഃ ഉത്സഃ

അർത്ഥഃ യത്ര= ഏതൊരു സ്ഥാനത്തിങ്കൽ, ദേവയവഃ = പ്രകാശിക്കുന്ന വിഷ്ണുവിനെ യജ്ഞ ദാനാദികളാൽ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവരായ, നരഃ = ജനങ്ങൾ, മദന്തി = തൃപ്തിപേറുന്നുവോ, ഉരുക്രമസ്യ = അത്യധികം ആക്രമിക്കുന്നവനും, വിഷ്ണോഃ= എങ്ങും വ്യാപിച്ചവനുമായ വിഷ്ണു ഭഗവാന്റെ, പരമേ = അത്യുത്കൃഷ്ടവും, പദേ = കേവല സുഖാത്മകവുമായ ഏതൊരു സ്ഥാനത്തിങ്കൽ, മധ്വഃ = മധുരമായ അമൃത രസത്തിന്റെ, ഉത്സഃ = ഒഴുക്ക്, (വർത്തിക്കുന്നുവോ) തത്= അങ്ങനെയുള്ള, അസ്യ = മഹാനായ ആ വിഷ്ണുവിന്റെ, പ്രിയം പാഥം = അന്തരിക്ഷ സ്ഥാനത്തിൽ, അഭിഅശ്യാം = നമുക്ക് വ്യാപിക്കാം, ഇത്ഥാ = ഇപ്രകാരം, സ ഹി = അവൻ തന്നെയാണ്, ബന്ധുഃ = എല്ലാ സുകൃതികൾക്കും ബന്ധുവായി, ഹിതകാരിയായി വർത്തിക്കുന്നത്.

ता वां वास्तून्युश्मसि गमध्यै
यत्र गावो भूरिशृङ्गा अयासः।
अत्राह तदुरुगायस्य वृष्णः
परमं पदमव भाति भूरि।।६।।

താ വാം വാസ്തൂന്യുശ്മസി ഗമദ്ധ്യൈ
യത്ര ഗാവോ ഭൂരിശൃങ്ഗാ അയാസഃ

അത്രാഹ തദുരുഗായസ്യ വൃഷ്ണഃ
പരമം പദമവ ഭാതി ഭൂരി

പദച്ഛേദഃ താഃ വാം വാസ്തൂനി ഉശ്മസി ഗമദ്ധ്യൈ യത്ര ഗാവഃ ഭൂരിശൃങ്ഗാഃ അയാസ : അത്ര അഹ തത് ഉരുഗായസ്യ വൃഷ്ണഃ പരമം പദം അവഭാതി ഭൂരി.

അർത്ഥഃ യത്ര = ഏതൊരു വാസയോഗ്യങ്ങളായ സ്ഥലങ്ങളിൽ, ഗാവഃ = രശ്മികൾ, ഭൂരിശൃംഗാഃ = അതീവ ഔന്നത്യം പേറുന്നവയായി വർത്തിക്കുന്നുവോ, (അഥവാ പ്രകാശം പരത്തുന്നവയായി വർത്തിക്കുന്നുവോ) അയാസഃ = മാർഗങ്ങൾ, അതിവിസ്തൃതങ്ങളായും ഇരിക്കുന്നുവോ, താഃ = ആ, വാസ്തൂനി = സുഖവാസത്തിനു അനുയോജ്യങ്ങളായ സ്ഥലങ്ങളിലേക്ക്, വാം = നിങ്ങൾ രണ്ടു പേരുടേയും, ഗമധ്യൈ = ഗമനം, ഉശ്മസി = ഞങ്ങൾ ആഗ്രഹിക്കുന്നു.

(വിഷ്ണുവിനെ യജിക്കുന്ന യജമാനനും പത്നിക്കും സദ്ഗതി ഉണ്ടാകാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു) അത്ര അഹ = ഇവിടെ യാകട്ടെ (ഈ സ്വർഗ്ഗലോകത്തിലാകട്ടെ) ഉരുഗായസ്യ = വളരെയധികം മഹത്തുക്കളാൽ സ്തുതിക്കപ്പെടുന്നവനും, വൃഷ്ണഃ = കാമങ്ങളെ വർഷിക്കുന്നവനുമായ വിഷ്ണുവിൻെറ, തത് = അങ്ങനെയുള്ള, പരമം = അത്യുത്കൃഷ്ടമായ, പദം = സ്ഥാനം, ഭൂരി = വളരെ വ്യക്തമായി, അവഭാതി = സ്വന്തം മഹിമയാൽ പ്രകാശിക്കുന്നു.

कितवसूक्तम्

കിതവസൂക്തം

प्रावेपा मा बृहतो मादयन्ति
प्रवातेजा इरिणे वर्वृतानाः ।
सोमस्येव मौजवतस्य भक्षो
विभीदको जागृविर्मह्यमछान् ।। १ ।।

പ്രാവേപാ മാ ബൃഹതോ മാദയന്തി
പ്രവാതേജാ ഇരിണേ വർവൃതാനാഃ
സോമസ്യേവ മൌജവതസ്യ ഭക്ഷോ
വിഭീദകോ ജാഗൃവിർമഹ്യമഛാൻ.

പദച്ഛേദഃ പ്രാവേപാഃ മാ ബൃഹതഃ മാദയന്തി പ്രവാതേജാഃ ഇരിണേ വർവൃതാനാഃ സോമസ്യ ഇവ മൌജവതസ്യ ഭക്ഷഃ വിഭീദകഃ ജാഗൃവിഃ മഹ്യം അഛാൻ

അർത്ഥഃ പ്രവാതേജാഃ = നല്ല കാറ്റുള്ള സ്ഥലത്ത് ഉണ്ടായവയും, ബൃഹതഃ = വലിയ ഒരുമരത്തിന്റേതും, ഇരിണേ = ചൂതുകളിപ്പലകയിൽ, വർവൃതാനാഃ = ചുറ്റിക്കറങ്ങുന്നവയും, പ്രാവേപാഃ = ആടിക്കുഴയുന്നവയുമായ അവ (ചൂതുകളിക്കായ്കൾ).

മാ= എന്നെ, മാദയന്തി = മദിപ്പിക്കുന്നു മൌജവതസ്യ= മൂജവന്തമലയിൽ ഉണ്ടായ, സോമസ്യ = സോമലതയുടെ, ഭക്ഷാ ഇവ = ഭക്ഷണം എന്നപോലെ (സോമരസം കണക്കെ), ജാഗൃവി: = ഉത്തേജനം നൽകുന്നതായ, വിഭീദക: = ചൂതുകളിക്കായ്, മഹ്യം= എനിക്ക്, അഛാൻ= സന്തോഷം പകരുന്നു.

न मा मिमेथ न जिहील एषा
शिवा सखिभ्य उत मह्यमासीत्।
अक्षस्याहमेकपरस्य हेतो-
रनुव्रतामप जायामरोधम् ।।२।।

ന മാ മിമേഥ ന ജിഹീള ഏഷാ
ശിവാ സഖിഭ്യ ഉത മഹ്യമാസീത്
അക്ഷസ്യാഹമേകപരസ്യ ഹേതോ-
രനുവ്രതാമപ ജായാമരോധം

പദച്ഛേദ: ന മാ മിമേഥ ന ജിഹീളേ ഏഷാ ശിവാ സഖിഭ്യ: ഉത മഹ്യം ആസീത് അക്ഷസ്യ അഹം ഏകപരസ്യ ഹേതോ: അനുവ്രതാം അപ ജായാം അരോധം.

അർത്ഥ: ഏഷാ= ഈ എന്റെ ഭാര്യ, മാ = എന്നോട്, നമിമേഥ= വഴക്കു കൂടിയില്ല, ന ജിഹീളേ = ദേഷ്യപ്പെട്ടില്ല, സഖിഭ്യ: = എന്റെ സ്നേഹിതരോടും, ഉത = കൂടാതെ മഹ്യം = എന്നോടും, ശിവാ, ആസീത് = സൌമ്യമായി പെരുമാറി, അഹം = ഞാനാകട്ടെ, ഏകപരസ്യ= ഈ ഒരൊറ്റ, അക്ഷസ്യ= ചൂതുകളിക്കായ്, ഹേതോ: = കാരണമായി, അനുവ്രതാം= അത്യധികം അനുസരണശീലമുള്ളവളായിരുന്ന, ജായാം = ഭാര്യയെ, അപാരോധം (അപ അരോധം) = തള്ളിക്കളഞ്ഞു (അവൾ പറയുന്നതൊന്നും ഞാൻ കൂട്ടാക്കിയില്ല).

द्वेष्टि श्वश्रूरप जाया रुणद्धि
न नाथितो विन्दते मर्डितारम्।
अश्वस्येव जरतो वस्न्यस्य
नाहं विन्दामि कितवस्य भोगम्।।३।।

ദ്വേഷ്ടി ശ്വശ്രൂരപ ജ്ജായാ രുണദ്ധി
നാനാഥിതോ വിന്ദതേ മർഡിതാരം
അശ്വസ്യേവ ജ്ജരതോ വസ്ന്യസ്യ
നാഹം വിന്ദാമി കിതവസ്യ ഭോഗം

പദച്ഛേദഃ ദ്വേഷ്ടി ശ്വശ്രൂഃ അപ ജ്ജായാ രുണദ്ധി, ന നാഥിതഃ വിന്ദതേ മർഡിതാരം അശ്വസ്യ ഇവ ജ്ജരതഃ വസ്ന്യസ്യ ന അഹം വിന്ദാമി കിതവസ്യ ഭോഗം.

അർത്ഥഃ ശ്വശ്രൂഃ = അമ്മായി അമ്മ, ദ്വേഷ്ടി= വെറുക്കുന്നു, ജ്ജായാ = ഭാര്യയാകട്ടെ, അപരുണദ്ധി = തള്ളിക്കളയുന്നു (അടുപ്പിക്കുന്നില്ല), നാഥിതഃ = എല്ലാം നഷ്ടപ്പെട്ട ഇവൻ, മർഡിതാരം = തന്നോട് സഹതപിക്കുന്ന ഒരാളിനെപ്പോലും, നവിന്ദതേ = കാണുന്നില്ല, (അങ്ങനെ ഒരാളിനെ കിട്ടുന്നില്ല), ജ്ജരതഃ = ജ്ജരബാധിച്ചതും, വസ്ന്യസ്യ = വില്ക്കാൻവെച്ചിരിക്കുന്നതുമായ, അശ്വസ്യ ഇവ= കുതിരയ്ക്കെന്നപോലെ, കിതവസ്യ= ചൂതുകളിക്കാരന്, ഭോഗം = സൌഖ്യം എന്നൊന്ന്, നവിന്ദാമി = ഞാൻ കാണുന്നില്ല.

अन्ये जायां परिमृशन्त्यस्य
यस्यागृधद्वेदने वाज्यक्षः।
पिता माता भ्रातर एनमाहु-
र्न जानीमो नयता बद्धमेतम्।।४।।

അന്യേ ജ്ജായാം പരിമൃശന്ത്യസ്യ
യസ്യാഗൃധദ് വേദനേ വാജ്യക്ഷഃ
പിതാ മാതാ ഭ്രാതര ഏനമാഹുർ-
ന ജ്ജാനീമോ നയതാ ബദ്ധമേതം.

പദച്ഛേദഃ അന്യേ ജ്ജായാം പരിമൃശന്തി അസ്യ യസ്യ അഗൃധത് വേദനേ വാജ്ജീ അക്ഷഃ പിതാ മാതാ ഭ്രാതരഃ ഏനം ആഹുഃ ന ജ്ജാനീമഃ നയത ബദ്ധം ഏതം.

അർത്ഥഃ യസ്യ= ഏതൊരുവൻെറ, വേദനേ= സ്വത്തുവകകളിൽ, വാജ്ജീ = വിജയിയായ, അക്ഷഃ= ചൂതുകളിക്കായ്, അഗൃധത് = അത്യാശ പൂണ്ടിരിക്കുന്നുവോ (ഏതൊരുവൻെറ സ്വത്തുസുഖങ്ങളെ ഹരിക്കുവാൻ ചൂതുകളിക്കായ് കൊതിപൂണ്ടിരിക്കുന്നുവോ) അസ്യ= അവൻെറ (ആചൂതുകളിക്കാരൻെറ) ജ്ജായാം = ഭാര്യയെ, അന്യേ = മറ്റുള്ളവർ, പരിമൃശന്തി = ധൈര്യമായി തൊടുന്നു പിതാ = അവൻെറ അച്ഛനും, മാതാ = അമ്മയും, ഭ്രാതരഃ = സഹോദരൻമാരും, ഏനം= ഇവനെക്കുറിച്ച്, ആഹുഃ = പറയുന്നു, ഏതം = ഇതിനെ (ഇവനെ) ന ജ്ജാനീമഃ - ഞങ്ങൾ അറിയുന്നില്ല, ബദ്ധം= കൈ വിലങ്ങിട്ട ഇവനെ, നയത = നിങ്ങൾ (രക്ഷിപുരുഷൻമാരോ കടം കൊടുത്തവരോ) നയത = കൊണ്ടു പൊയ്ക്കൊള്ളുവിൻ.

यदादीध्ये न दविषाण्येभिः
परायद्भ्यो ऽवहीये सखिभ्यः।
न्युप्ताश्च बभ्रवो वाचमक्रतँ
एमीदेषां निष्कृतं जारिणीव।।५।।

യദാദീധ്യേ ന ദവിഷാണ്യേഭിഃ
പരായദ്ഭ്യോ ऽവഹീയേ സഖിഭ്യഃ

ന്യുപ്താശ്ച ബഭ്രവോ വാചമക്രത
ഏമീദേഷാം നിഷ്കൃതം ജാരിണീവ.

പദച്ഛേദഃ യത് ആദീധ്യേ ന ദവിഷാണി ഏഭിഃ പരായദ്ഭ്യഃ അവ ഹീയേ സഖിഭ്യഃ ന്യുപ്താഃ ച ബഭ്രവഃ വാചം അക്രത ഏഭിഃ ഇത് ഏഷാം നിഷ്കൃതം ജാരിണീ ഇവ.

അർത്ഥഃ യത് = ഏതൊന്നാണോ ഇപ്രകാരം, ആദീധ്യേ= ഞാൻ നിശ്ചയിച്ചുറച്ചത്, ഏഭിഃ = ഇവരോടുകൂടി (ഈ സ്നേഹിതൻമാരോടു കൂടി), ന ദവിഷാണി= ഞാൻ ചെല്ലുകയില്ല, പരായദ്ഭ്യഃ = (ചൂതുകളിസ്ഥലത്തേയ്ക്ക്) ചെല്ലുന്നവരായ, സഖിഭ്യഃ = തോഴൻമാരിൽ നിന്നും, അവഹീയേ = ഞാൻ വേർപെട്ടുനില്ക്കും എന്നൊക്കെ, ബഭ്രവഃ = (പക്ഷെ) തവിട്ടുനിറത്തിലുള്ള ചൂതുകളിക്കായ്കൾ ന്യുപ്താഃ ച = എറിയപ്പെടവേ, വാചം അക്രത = ശബ്ദിക്കുമ്പോഴാകട്ടെ, ജാരിണീ ഇവ= സ്വൈരിണിയായ ഒരു സ്ത്രീയെപ്പോലെ, ഏഷാം= ഇവരുടെ (ചൂതുകളിക്കാരുടെ) നിഷ്കൃതം = സങ്കേതസ്ഥാനത്തേയ്ക്ക്, ഇത് ഏമി = ഞാൻ സവേഗം നടന്നു നീങ്ങുന്നു.

सभामेति कितवः पृछमानो
जेष्यामीति तन्वा शूशुजानः।
अक्षासो अस्य वितिरन्ति कामं
प्रतिदीव्ने दधत आ कृतानि।।६।।

സഭാമേതി കിതവഃ പൃഛമാനോ
ജേഷ്യാമീതി തന്വാ ശൂശുജാനഃ
അക്ഷാസോ അസ്യ വിതിരന്തി കാമം
പ്രതിദീവ്നേ ദധത ആ കൃതാനി.

പദച്ഛേദഃ സഭാം ഏതി കിതവഃ പൃഛമാനഃ ജേഷ്യാമി ഇതി തന്വാ ശൂശുജാനഃ അക്ഷാസഃ അസ്യ വിതിരന്തി കാമം പ്രതിദീവ്നേ ദധത ആ കൃതാനി.

അർത്ഥഃ കിതവഃ = ചൂതുകളിക്കാരൻ, ജേഷ്യാമി ഇതി= താൻ ജയിക്കുമോ എന്ന്, പൃഛമാനഃ= സ്വയം ചോദിച്ചുകൊണ്ട്, തന്വാ = ശരീരമൊട്ടുക്ക്, ശൂശുജാനഃ= വിറപൂണ്ട്, സഭാം= ചൂതുകളിനടക്കുന്ന മുറിയിൽ, ഏതി= എത്തിപ്പെടുന്നു.

അക്ഷാസഃ = ചൂതുകളിക്കായുകൾ ആകട്ടെ, കൃതാനി= (ഇവൻെറ) നല്ല ഏറുകൾക്ക് പ്രതിദീവ്നേ= കളിയിൽ പ്രതികൂലാവസ്ഥയെ, ആദധതഃ= ഉളവാക്കിക്കൊണ്ട്, അസ്യ= ഇവൻെറ, കാമം= ആഗ്രഹത്തിന്, വിതിരന്തി= വിപരീതമായി ചുറ്റുന്നു.

अक्षास इदङ्कुशिनो नितोदिनो
निकृत्वानस्तपनास्तापयिष्णवः।
कुमारदेष्णा जयतः पुनर्हणो
मध्वा संपृक्ताः कितवस्य बर्हणा।।७।।

അക്ഷാസ ഇദങ്കുശിനോ നിതോദിനോ
നികൃത്വാനസ്തപനാസ്താപയിഷ്ണവഃ
കുമാരദേഷ്ണാ ജയത; പുനർഹണോ
മധ്വാ സംപൃക്താഃ കിതവസ്യ ബർഹണാ.

പദച്ഛേദഃ അക്ഷാസഃ ഇത് അങ്കുശിനഃ നിതോദിനഃ നികൃത്വാനഃ തപനാഃ താപയിഷ്ണവഃ കുമാരദേഷ്ണാഃ ജയതഃ പുനർ ഹണഃ മധ്വാ സംപൃക്താഃ കിതവസ്യ ബർഹണാ.

അർത്ഥഃ അക്ഷാസഃ ഇത്= ഈ ചൂതുകളിക്കായുകളാകട്ടെ, അങ്കുശിനഃ = കുത്തുന്നവയും, നിതോദിന;= കീറുന്നവയും, നികൃത്വാനഃ = ചതിക്കുന്നവയും, തപനാഃ= കത്തുന്നവയും, താപയിഷ്ണവഃ = തപിപ്പിക്കുന്നവയും, ആകുന്നു.

ജ്ജയതഃ = ജ്ജയിക്കുന്നവനിൽനിന്നും, പുനർഹണഃ = (ജ്ജയങ്ങളെ) തട്ടിപ്പറിക്കുന്ന ഇവ, കുമാരദേഷ്ണഃ = സമ്മാനങ്ങളെയും മറ്റും തരികയും തിരിച്ചുവാങ്ങിക്കുകയും ചെയ്യുന്ന കൊച്ചുകുട്ടികൾ കണക്കെ പ്രവർത്തിക്കുന്നു. (ഈ ചൂതുകളിക്കായുകൾ), കിതവസ്യ=ചൂതുകളിക്കാരനിൽ, ബർഹണാ= ഇന്ദ്രജാലവിദ്യ കാട്ടുന്ന, മധ്വാ= തേൻകൊണ്ട്, സംപൃക്താഃ=പൂശപ്പെട്ട ഏതോ ഒന്നാണ്.

त्रिपञ्चाशः क्रीलति व्रात एषां
देव इव सविता सत्यधर्मा ।
उग्रस्य चिन्मन्यवे ना नमन्ते
राजा चिदेभ्यो नम इत्कृणोति ।।८।।

ത്രിപഞ്ചാശഃ ക്രീളതി വ്രാത ഏഷാം
ദേവ ഇവ സവിതാ സത്യധർമാ
ഉഗ്രസ്യ ചിൻമന്യവേ നാ നമന്തേ
രാജ്ജാ ചിദേഭ്യോ നമ ഇത്കൃണോതി.

പദച്ഛേദഃ- ത്രിപഞ്ചാശഃ ക്രീളതി വ്രാതഃ ഏഷാം ദേവഃ ഇവ സവിതാ സത്യധർമാ,ഉഗ്രസ്യ ചിത് മന്യവേ വാ നമന്തേ രാജ്ജാ ചിത് ഏഭ്യഃ നമഃ ഇത് കൃണോതി.

അർത്ഥഃ ഏഷാം= ഈ ചൂതുകളിക്കായുകളുടെ, ത്രിപഞ്ചാശഃ= മൂന്ന് അമ്പതുകളെ ഉൾക്കൊള്ളുന്ന, വ്രാതഃ= കൂട്ടം, സത്യധർമാ = സത്യമെന്ന ധർമം പരിപാലിക്കുന്ന, സവിതാ ദേവഃ ഇവ= സവിതൃദേവൻകണക്കെ, ക്രീളതി= കളിക്കുന്നു. ഉഗ്രസ്യ= അതീവ ശക്തിമാൻെറ, മന്യവേചിത് = കോപത്തിനുമുന്നിലും, നാ നമന്തേ= ഇവ നമിക്കുന്നില്ല രാജ്ജാചിത്= രാജ്ജാവുപോലും, ഏഭ്യഃ = ഇവയ്ക്ക്, നമഃ കൃണോതി= പ്രണാമം അർപ്പിക്കുന്നു.

नीचा वर्तन्त उपरि स्फुरन्ति
अहस्तासो हस्तवन्तं सहन्ते।
दिव्या अङ्गारा इरिणे न्युप्ताः
शीताः सन्तो हृदयं निर्दहन्ति।।९।।

നീചാ വർത്തന്ത ഉപരി സ്ഫുരന്തി
അഹസ്താസോ ഹസ്തവന്തം സഹന്തേ
ദിവ്യാ അങ്ഗാരാ ഇരിണേ ന്യുപ്താഃ
ശീതാഃ സന്തോ ഹൃദയം നിർദഹന്തി.

പദച്ഛേദഃ നീചാഃ വർത്തന്തേ ഉപരി സ്ഫുരന്തി അഹസ്താസഃ ഹസ്തവന്തം സഹന്തേ ദിവ്യാഃ അങ്ഗാരാഃ ഇരിണേ ന്യുപ്താഃ ശീതാഃ സന്തഃ ഹൃദയം നിർദഹന്തി.

അർത്ഥഃ- (ചൂതുകളിക്കായുകൾ) നീചാഃ= താണുചുറ്റുന്നു, ഉപരി= ഉയർന്ന്, സ്ഫുരന്തി= പ്രകാശിക്കുന്നു, അഹസ്താസഃ = കൈയില്ലാത്ത ഇവകൾ, ഹസ്തവന്തം= കൈയുള്ളവനെ, സഹന്തേ= അതിജീവിക്കുന്നു, ഇരിണേ= ചൂതുകളി പ്പലകയിൽ, ന്യുപ്താഃ= എറിയപ്പെട്ട, ദിവ്യാഃ= കത്തുന്ന, അങ്ഗാരാഃ= കരിക്കട്ടകളാകുന്ന ഇവ, ശീതാഃ സന്തഃ = തണുക്കുമ്പോളേയ്ക്കും, ഹൃദയം= ഹൃദയത്തെ, നിർ ദഹന്തി = തപിപ്പിക്കുന്നു. (കളിതീർന്ന് അവ ശാന്തമാ കുമ്പോഴേക്കും കളിക്കാരൻെറ ഹൃദയം പൊട്ടുന്നു എന്നു സാരം).

जाया तप्यते कितवस्य हीना
माता पुत्रस्य चरतः क्व स्वित्।
ऋणावा बिभ्यद्धनमिछमानो
ऽन्येषामस्तमुप नक्तमेति।।१०।।

ജായാ തപ്യതേ കിതവസ്യ ഹീനാ
മാതാ പുത്രസ്യ ചരതഃ ക്വ സ്വിത്
ഋണാവാ ബിഭ്യദ്ധനമിഛമാനോ
/ന്യേഷാമസ്തമുപ നക്തമേതി.

പദച്ഛേദഃ ജായാ തപ്യതേ കിതവസ്യ ഹീനാ മാതാ പുത്രസ്യ ചരതഃ ക്വ സ്വിത് ഋണാവാ ബിഭ്യത് ധനം ഇഛമാനഃ അന്യേഷാം അസ്തം ഉപ നക്തം ഏതി.

അർത്ഥഃ കിതവസ്യ = ചൂതുകളിക്കാരൻെറ, ഹീനാ= എല്ലാം നഷ്ടപ്പെട്ട, ജായാ = ഭാര്യ, തപ്യതേ= തപിക്കുന്നു, ക്വസ്വിത് = എവിടെയൊക്കെയോ ലക്ഷ്യബോധമില്ലാതെ, ചരതഃ = ചുറ്റുന്ന, പുത്രസ്യ = ചൂതുകളിക്കാരനായ മകൻെറ, മാതാ = അമ്മയും, തപ്യതേ = വിഷമിക്കുന്നു. ഋണാവാ= കടത്തിൽ മുങ്ങിയവനായി, ബിഭ്യത് = ഭയന്നവനായി, ധനം = ധനത്തെ, ഇഛമാനഃ = ആഗ്രഹിക്കുന്നവനായി അവൻ അന്യേഷാം= മറ്റുള്ളവരുടെ, അസ്തം= വീട്ടിൽ, നക്തം= രാത്രിയിൽ, ഉപൈതി = പ്രവേശിക്കുന്നു. (മോഷ്ടിക്കാനോ ഇരക്കാനോ ആർക്കറിയാം).

स्त्रियं दृष्ट्वाय कितवं ततापा-
न्येषां जायां सुकृतं च योनिम्
पूर्वाह्णे अश्वान् युयुजे हि बभ्रून्
सो अग्नेरन्ते वृषलः पपाद।।११।।

സ്ത്രിയം ദൃഷ്ട്വായ കിതവം തതാപാ-
ന്യേഷാം ജായാം സുകൃതം ച യോനിം.
പൂർവാഹ്ണേ അശ്വാൻ യുയുജേ ഹി ബഭ്രൂൻ
സോ അഗ്നേരന്തേ വൃഷലഃ പപാദ

പദച്ഛേദഃ സ്ത്രിയം ദൃഷ്ട്വായ കിതവം തതാപ അന്യേഷാം ജായാം സുകൃതം ച യോനിം പൂർവാഹ്ണേ അശ്വാൻ യുയുജ്രേ ഹി ബഭ്രൂൻ സഃ അഗ്നേഃ അന്തേ വൃഷലഃ പപാദ.

അർത്ഥഃ അന്യേഷാം = മറ്റുള്ളവരുടെ, ജായാം= ഭാര്യയായ, സ്ത്രിയം = സ്ത്രീയേയും, സുകൃതം= നല്ലവണ്ണം അലങ്കരിക്കപ്പെട്ട, യോനിം ച= അവരുടെ വീടിനേയും, ദൃഷ്ട്വായ= കാണുമ്പോഴും അത്, കിതവം= ചൂതുകളിക്കാരനെ, തതാപ= തപിപ്പിച്ചു (തൻെറ ഭാര്യയ്ക്ക് താൻ ഈ വക സൌകര്യങ്ങളൊന്നും തരപ്പെടുത്തിത്തന്നില്ലല്ലോ എന്ന വിഷമത്താൽ അവൻ തപിച്ചു) സഹി = അവനാകട്ടെ, പൂർവാഹ്ണേ = രാവിലെ, ബഭ്രൂൻ = തവിട്ടു നിറത്തിലുള്ള, അശ്വാൻ = കുതിരകളെ, യുയുജ്രേ = (തേരിൽപൂട്ടി) സജ്ജമാക്കി, (വൈകുന്നേരം ആയപ്പോളേക്കും), അഗ്നേഃ - തീയ്ക്ക് അന്തേ = അരുകിൽ, വൃഷലഃ = ഭിക്ഷക്കാരനെപോലെ, പപാദ = അവൻ വീണു.

(പ്രഭാതത്തിൽ പ്രതീക്ഷകളോടെ എണീറ്റവൻ, വൈകുന്നേരം ആയപ്പോളേക്കും തകർന്നുവെന്നർത്ഥം).

यो वस्सेनानीर्महतो गणस्य
राजा व्रातस्य प्रथमो बभूव।
तस्मै कृणोमि न धना रुणध्मि
दशाहं प्राचीस्तदृतं वदामि ।।२२।।

യോ വസ്സേനാനീർമഹതോ ഗണസ്യ
രാജ്ഞാ വ്രാതസ്യ പ്രഥമോ ബഭൂവ
തസ്മൈ കൃണോമി ന ധനാ രുണധ്മി
ദശാഹം പ്രാചീസ്തദൃതം വദാമി

പദച്ഛേദഃ യഃ വഃ സേനാനീഃ മഹതഃ ഗണസ്യ രാജാ വ്രാതസ്യ പ്രഥമഃ ബഭൂവ തസ്മൈ കൃണോമി ന ധനാ രുണധ്മി ദശ അഹം പ്രാചീഃ തത് ഋതം വദാമി.

അർത്ഥഃ വഃ= നിങ്ങളുടെ, മഹതഃ= മഹത്തായ, ഗണസ്യ= കൂട്ടത്തിന്, യഃ= ഏതൊരുവനാണോ, സേനാനീഃ= സേനാനായകൻ, (നിങ്ങളുടെ) വ്രാതസ്യ= കൂട്ടത്തിന്, രാജാ= രാജാവായി വർത്തിച്ചുകൊണ്ട്, പ്രഥമഃ = ഒന്നാമനായി, ബഭൂവ=(ഏതൊരുവൻ) ഭവിച്ചുവോ, ദശ = പത്തും (പത്തുവിരലുകളും) തസ്മൈ= അവൻെറ, പ്രാചീഃ = മുന്നിൽ, കൃണോമി = വിരിച്ചുകാട്ടുന്നു, ധനാ = ധനമൊന്നും, ന രുണധ്മി = ഞാൻ കൈയിൽ വെച്ചിട്ടില്ല, തത് = അത്, ഋതം = സത്യമാകുന്നു, വദാമി = ഞാൻ പറയുന്നു.

अक्षैर्मा दीव्यः कृषिमित्कृषस्व
वित्ते रमस्व बहु मन्यमानः।
तत्र गावः कितव तत्र जाया
तन्मे वि चष्टे सवितायमर्यः।।१३।।

അക്ഷൈർമാ ദീവ്യഃ കൃഷിമിത്കൃഷസ്വ
വിത്തേ രമസ്വ ബഹു മന്യമാനഃ
തത്ര ഗാവഃ കിതവ തത്ര ജായാ
തന്മേ വി ചഷ്ടേ സവിതായമര്യഃ

പദച്ഛേദഃ അക്ഷൈഃ മാ ദീവ്യഃ കൃഷിം ഇത് കൃഷസ്വ വിത്തേ രമസ്വ ബഹു മന്യമാനഃ തത്ര ഗാവഃ കിതവ തത്ര ജായാ തത് മേ വിചഷ്ടേ സവിതാ അയം അര്യഃ

അർത്ഥഃ അക്ഷൈഃ = ചൂതുകളിക്കായുകൾകൊണ്ട്, മാ ദീവ്യഃ = കളിക്കരുത്, കൃഷിം ഇത് = കൃഷി ഭൂമിയിൽ തന്നെ,

കൃഷസ്വ = കൃഷിചെയ്തു ജീവിക്കൂ, വിത്തേ= (അതു കൊണ്ടു കിട്ടുന്ന) പണത്തിൽ, ബഹു മന്യമാനഃ= അത് വലുതാണെന്ന് വിചാരിച്ചുകൊണ്ട്, രമസ്വ= നീ സന്തോഷിക്കൂ, കിതവ = ഹേ ചൂതുകളിക്കാരാ, തത്ര = അവിടെയാണ്, ഗാവഃ = നിൻെറ പശുക്കൾ, തത്ര = അവിടെയുണ്ട്, ജായാ = നിൻെറ ഭാര്യാ - അര്യഃ = വളരെ ശ്രേഷ്ഠനായ, അയം സവിതാ = ഈ സവിതൃദേവൻ, തത് = അത് (ആസത്യം) മേ = എനിക്ക്, വിചഷ്ടേ = വ്യക്തമാക്കിതന്നു.

मित्रं कृणुध्वं खलु मृलता नो
मा नो घोरेण चरताभि धृष्णु।
नि वो नु मन्युर्विशतामराति-
रन्यो बभ्रूणां प्रसितौ न्वस्तु।।१४।।

മിത്രം കൃണുധ്വം ഖലു മൃളതാ നോ
മാനോ ഘോരേണ ചരതാഭി ധൃഷ്ണു
നി വോ നു മന്യുർവിശതാമരാതി-
രന്യോ ബഭ്രൂണാം പ്രസിതൌ ന്വസ്തു.

പദച്ഛേദഃ മിത്രം, കൃണുധ്വം, ഖലു, മൃളതാ, നഃ മാ നഃ ഘോരേണ, ചരത, അഭി, ധൃഷ്ണു, നി വഃ നു, മന്യുഃ വിശതാം, അരാതിഃ അന്യഃ ബഭ്രൂണാം പ്രസിതൌ നു, അസ്തു.

അർത്ഥഃ ചൂതുകളിക്കായുകളോടായി കിതവൻെറ (ചൂതുകളിക്കാരൻെറ) പ്രാർഥന-നഃ = ഞങ്ങളോട്, മിത്രം = സൌഹൃദം, കൃണുധ്വം = പുലർത്തണം, നഃ= ഞങ്ങളോട്, മൃളതാ ഖലു = അന്തസ്സായി പെരുമാറൂ, ധൃഷ്ണു = ബലാത്കാരമായി, ഘോരേണ = ഇന്ദ്രജാലാദിവിദ്യകൾ പ്രയോഗിച്ച്, നഃ = ഞങ്ങളെ, മാ അഭിചരത = വഞ്ചിക്കരുത്,

വഃ = നിങ്ങളുടെ, മന്യുഃ = ദേഷ്യവും, അരാതിഃ = ശത്രുതയും, നിവിശതാം = കെട്ടടങ്ങട്ടെ, ബഭ്രൂണാം = തവിട്ടുനിറമുള്ളവരുടെ (ചൂതുകളിക്കായുകളുടെ) പ്രസിതൌ = പോരാട്ടത്തിൽ അന്യോ നു- ഇനി മറ്റൊരുവൻ, അസ്തു, വർത്തിക്കട്ടെ. (എന്നെ വിട്ടേയ്ക്കൂ എന്നു സാരം).

ശുഭം

सर्वे जनाः सुखिनो भवन्तु

ഋഗ്വേദ സൂക്തങ്ങൾ

സമ്പാദനം: വിവർത്തനം
ഡോ. എൻ. സുന്ദരം

"ഋഗ്വേദ സൂക്തങ്ങൾ" എന്ന ഗ്രന്ഥത്തിൽ അഗ്നി, സവിതാവ്, ദ്യാവാപൃഥിവി, ഇന്ദ്രൻ, വരുണൻ, പുരുഷൻ, സൃഷ്ടി, കിതവൻ, ശ്രീവിഷ്ണു എന്നീ സൂക്തങ്ങൾ സംസ്കൃതത്തിലും മലയാളലിപിയിലും ചേർക്കപ്പെട്ടിരിക്കുന്നു.

ഇന്ദ്രൻ, വരുണൻ തുടങ്ങിയ ദേവന്മാരുടെയെല്ലാം മാഹാത്മ്യം വെളിപ്പെടുത്തുന്ന ഋഗ്വേദ സൂക്തങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വേദാർത്ഥം അറിയാൻവെമ്പുന്ന വിജ്ഞാന കുതുകികൾക്കും ഉപകാരമായിരിക്കും. ഓരോ ഋക്കിനും സരള മായമലയാളവിവർത്തനം നൽകിയിരിക്കുന്നു.

കേരള സർവകലാശാല
തിരുവനന്തപുരം